# എറണാകുളം മിസ്സം

# ERNAKULAM MISSAM

English & Malayalam Monthly

Vol. No. 69 Issue No. 05 May 2026 Rs. 15/-

MAJOR ARCHEPARCHY OF ERNAKULAM-ANGAMALY





# പുനർനിർമ്മിച്ച കോക്കുന്ന് സെന്റ് ജോസഫ് ദേവാലയം

## കൂദാശ 2026 ഏപ്രിൽ 26







# എറണാകുളം മിസ്സം

**ERNAKULAM MISSAM**

English & Malayalam Monthly

Vol. No. 69 Issue No. 5 May 2026 Rs. 15/-


## വിഷയസൂചിക


4. പ്രാർത്ഥനയിൽ അനുസ്മരിക്കാൻ
5. മെയ്ദിന സന്ദേശം (KCBC)
10. കച്ചേരിക്കാര്യം
17. നിര്യാതരായി
19. വാർത്തകളും വിശേഷങ്ങളും
22. അഭിനന്ദനങ്ങൾ
23. വിശ്വാസപരിശീലന കേന്ദ്രം
26. ഫാമിലി അപ്പോസ്റ്റലേറ്റ്
29. സഹൃദയ (അതിരൂപതാ സോഷ്യൽ സർവ്വീസസ്)
31. നൈപുണ്യ ഇന്റർനാഷണൽ
33. ചിറ്റൂർ ധ്യാനകേന്ദ്രം
34. സുബോധന, അങ്കമാലി
35. ഭാരതമാതാ ലീഗൽ സ്റ്റഡീസ് (BSOLS), ചൂണ്ടി
36. ഇവാഞ്ചലൈസേഷൻ ഡിപ്പാർട്ടുമെന്റ്
37. ബൈബിൾ അപ്പോസ്റ്റലേറ്റ്
38. കോർപ്പറേറ്റ് എഡ്യുക്കേഷൻ ഏജൻസി
39. നൈപുണ്യ കോളേജ് (NIMIT), പൊങ്ങം
42. അതിരൂപതാ ഡയറി



**Editor: Fr. Biju Varghese**

**Office:**
The Major Archeparchial Curia
Major Archbishop's House, Ernakulam
P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906

**Website & E-mail**
www.ernakulamarchdiocese.org
missamekm@gmail.com

**Printed and Published by**
Fr. Biju Varghese for and on behalf of ARCHBISHOP OF ERNAKULAM and Printed at Viani Printing, Viani Buildings No. XXXIX/1524 , Lisie Hospital Road, Ernakulam Dist., Cochin, Kerala-682018 and Published at Major Archbishop's House, Broadway, Ernakulam, Kerala-682031.

# പ്രാർത്ഥനയിൽ അനുസ്മരിക്കാൻ

| Name & Parish | Birth | Ordn. | Death |
|---|---|---|---|
| Fr. Kadavil Kochu Mathew, Oraslem | 1892 | 1924 | 1-5-1944 |
| Fr. Kolenchery George, Kottamam | 1888 | 1916 | 1-5-1971 |
| Fr. Kodian George, Chendamangalam | 1905 | 1936 | 2-5-1980 |
| Fr. Xavier Kareethara, Udayanapuram | 1937 | 1964 | 2-5-2019 |
| Fr. Puthenangady Issac, Vaikom | 1883 | 1911 | 3-5-1967 |
| Fr. Malamel Sebastian, Edappally | 1902 | 1933 | 3-5-1971 |
| Fr. Thaliath Jose Paul, Ernakulam | 1932 | 1960 | 3-5-2018 |
| Fr. Koluvan Paul, Moozhikulam | 1952 | 1978 | 6-5-2005 |
| Fr. Kanat Paulose TOCD, Konthuruthy | 1838 | 1861 | 6-5-1891 |
| Fr. Thaliath Thomas, Puthenpally | 1888 | 1918 | 7-5-1977 |
| Fr. Airookkaran Sebastian, Karukutty | 1903 | 1934 | 7-5-1987 |
| Fr. Chathaparambil Varghese, Kunnumpuram | 1910 | 1939 | 9-5-1993 |
| Msgr. Fr. Valliarumpeth Geroge, Vaikom | 1889 | 1916 | 11-5-1970 |
| Fr. Vadassery Augusthy, Palluruthy | 1883 | 1913 | 12-5-1951 |
| Fr. Mekkunnel Mathai, Nakapuzha | 1823 | 1873 | 14-5-1912 |
| Fr. Kanianthara Varghese, Vaikom | 1907 | 1936 | 15-5-1983 |
| Msgr. Puduchery Varghese, Edad | 1897 | 1928 | 16-5-1980 |
| Fr. Nettikadan Joseph, Meloor | 1933 | 1959 | 16-5-2001 |
| Fr. Elavumkudy Antony, Aimury | 1924 | 1955 | 16-5-2022 |
| Fr. Ambalathinkal Joseph, Thundathumkadavu | 1952 | 1981 | 19-5-2015 |
| Fr. Francis Parappuram, Amballoor | 1947 | 1975 | 20-5-2019 |
| Fr. Manavalan Paul, Elavoor | 1952 | 1978 | 21-5-2002 |
| Fr. Pallipparambil James, Ullala | 1943 | 1971 | 21-5-2016 |
| Fr. Thekkinedath Joseph, Parur | 1936 | 1962 | 22-5-1990 |
| Fr. Kariyatty Jacob, Alangad | 1936 | 1963 | 22-5-2009 |
| Fr. Kuncharath Joseph, Keecheri | 1946 | 1973 | 22-5-2018 |
| Fr. Chiramel Anthony, Meloor | 1883 | 1913 | 23-5-1965 |
| Fr. Manjooran Antony, Chakkarakadavu | 1894 | 1922 | 24-5-1973 |
| Fr. Pulickalan George, Karukutty | 1940 | 1967 | 24-5-2025 |
| Fr. Manikath Joseph, Perumanoor | 1935 | 1961 | 25-5-2008 |
| Fr. Vattamkandathil Mathai, Thalayolaparambu | | | 27-5-1936 |
| Fr. Puthenpurackal Sebastian, Vellarappilly | 1943 | 1969 | 27-5-1994 |
| Fr. Inchiparambil Joseph, Thanipuzha | 1927 | 1952 | 27-5-1998 |
| Fr. Nereveettil Cheriyan, Edappally | 1971 | 1997 | 27-5-2021 |
| Fr. Parappurath Gheevarghese TOCD, Amballoor | 1835 | 1859 | 28-5-1908 |
| Fr. Kunnumpuram George, Muttom | 1931 | 1957 | 29-5-1993 |
| Fr. Kariyatty Paul, Alangad | 1940 | 1967 | 29-5-2011 |
| Fr. Manjaly Jose, Malayattoor | 1940 | 1964 | 31-5-1991 |

No.4199/K-5/KCBC/OL/DS 16.04.2026

## കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ തൊഴിൽകാര്യ കമ്മീഷന്റെ മെയ്ദിന സന്ദേശം - 2026

"ഇവൻ മറിയത്തിന്റെ മകനും യാക്കോബ്, യോസെ, യൂദാസ്, ശിമയോൻ എന്നിവരുടെ സഹോദരനുമായ മരപ്പണിക്കാരനല്ലേ?"
(മർക്കോസ് 6:3)

മിശിഹായിൽ പ്രിയ സഹോദരങ്ങളേ,

മെയ് ഒന്ന് അന്താരാഷ്ട്ര തൊഴിലാളി ദിനമായി ലോകമെങ്ങും കൊണ്ടാടുന്നു. തൊഴിലാളിയുടെ അവകാശ ങ്ങളും തൊഴിലിന്റെ മാന്യതയും സംരക്ഷിച്ചു കിട്ടുന്നതിനായി തൊഴിലാളി സമൂഹം നടത്തിയ ധീരമായ പോരാട്ടങ്ങളുടെ ഓർമ്മപ്പെടുത്തലാണ് ഓരോ മെയ് ദിനവും. അതോടൊപ്പം തൊഴിലാളി മധ്യസ്ഥനായ വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാൾ ആഘോഷിക്കുകയും ചെയ്യുന്ന അവസരമാണ്. എല്ലാ തൊഴിലാളികൾക്കും ഹൃദയം നിറഞ്ഞ തൊഴിലാളി ദിനാശംസകൾ നേരുന്നു.

"കൃത്രിമ ബുദ്ധിയുടെ കാലഘട്ടത്തിൽ തൊഴിന്റെ മാന്യതയും തൊഴിലാളിയുടെ മഹത്വവും ചർച്ചയാക്കേണ്ടതുണ്ട്. നമ്മുടെ സമൂഹത്തിലും രാജ്യത്തിലും തൊഴിൽ മേഖല നേരിടുന്ന വെല്ലുവിളികളും അവസരങ്ങളും ആഴത്തിൽ ചിന്തിക്കാൻ ഇത് നമ്മെ സഹായിക്കും.

നസറത്തിലെ വിനീതനായ മരപ്പണിക്കാരനായ വിശുദ്ധ ജോസഫ്, ജോലി വെറും ഉപജീവന മാർഗമായല്ല; ദൈവത്തിന്റെ പദ്ധതിയിൽ ഉൾപ്പെട്ട വിശുദ്ധ വിളിയായിട്ടാണ് കണ്ടത്. ഈ മനോഭാവമാണ് ഓരോ തൊഴിലാളിക്കും ഉണ്ടാകേണ്ടത്. വിശുദ്ധ ബൈബിൾ പറയുന്നു: "കർത്താവായ ദൈവം മനുഷ്യനെ സൃഷ്ടിച്ച് ഏദൻ തോട്ടത്തിൽ താമസിപ്പിച്ചു. അതിനെ കൃഷി ചെയ്യുകയും കാത്തുസൂക്ഷിക്കുകയും ചെയ്യുവാൻ നിയോഗിച്ചു" (ഉല്പത്തി 2:15). അതിനാൽ ജോലി മനുഷ്യന്റെ ജീവൻ നിലനിർത്താനുള്ള ഒരു മാർഗം മാത്രമല്ല; അത് ദൈവത്തിന്റെ സൃഷ്ടിപരമായ ദൗത്യത്തിൽ മനുഷ്യന് ലഭിച്ചിരിക്കുന്ന പങ്കാളിത്തം കൂടിയാണ്. അതിനാൽ അവകാശങ്ങളോടൊപ്പം കടമകളും ഉത്തരവാദിത്വങ്ങളും തങ്ങൾക്കുണ്ടെന്ന് ഓരോ തൊഴിലാളിയേയും ഓർമ്മപ്പെടുത്തുന്ന അവസരം കൂടിയാണ് തൊഴിലാളിദിനം.

തൊഴിൽ കമ്പോളത്തിൽ നിന്നും പരമാവധി ലാഭം കൊയ്യാനുള്ള ത്വരയിൽ ഇന്ന് തൊഴിലാളികളും ലാഭം കൊയ്യാനുള്ള ചൂഷണോപാധി യായി ചുരുക്കപ്പെട്ടുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ പരിശുദ്ധ ലിയോ പതിനാലാമൻ പാപ്പയുടെ പ്രബോധനം ഏറെ പ്രസക്തമാണ്. "ഏതൊരു ജോലി സാഹചര്യത്തിന്റെയും കേന്ദ്രബിന്ദു മൂലധനമോ, കമ്പോള നിയമങ്ങളോ, ലാഭമോ ആകരുത്; മറിച്ച് വ്യക്തിയും കുടുംബവും അവരുടെ ക്ഷേമവുമായിരിക്കണം. ബാക്കിയെല്ലാം ഇതിന് പിന്നിൽ രണ്ടാമതായി മാത്രമേ വരാവൂ" (ലിയോ പതിനാലാമൻ പാപ്പ 2025 ഡിസംബർ 18 ന് തൊഴിലാളി പ്രവർത്തകർക്ക് നല്കിയ സന്ദേശം).

ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയുടെ അടിത്തറയാണ് അസംഘടിത തൊഴിലാളി സമൂഹം. കൃഷി, നിർമ്മാണം, മത്സ്യബന്ധനം, ഗൃഹപരി ചരണം, ചെറുകിട കച്ചവടം, സേവനം തുടങ്ങിയ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾ രാജ്യത്തിന്റെ വികസനത്തിന് നിർണായക സംഭാവന നൽകുന്നുണ്ട്. രാജ്യത്തിന്റെ തൊഴിൽ ശക്തി യിൽ 94 ശതമാനം വരുന്ന ഈ വിഭാഗം മൊത്തം ആഭ്യന്തര ഉല്പാദന ത്തിന്റെ (ജി ഡി പി) 65 ശതമാനം സംഭാവന നല്കുന്നു. എന്നാൽ അവരുടെ സേവനം മിക്കവാറും അദൃശ്യവും അവഗണിക്കപ്പെട്ടതുമായി മാറുന്നു. ജോലിസ്ഥിരതയില്ലായ്മ, സാമൂഹ്യസുരക്ഷ പദ്ധതികളുടെ അഭാവം, കുറഞ്ഞ വേതനം, വിലക്കയറ്റം, സുരക്ഷിതമല്ലാത്ത ജോലിസ്ഥലങ്ങൾ എന്നിവ അവരുടെ ജീവിതത്തെ ദുഷ്കരമാക്കുന്നു. ഇവയെ അതിജീവിക്കാനാവശ്യമായ നിയമങ്ങളും പദ്ധതികളും, സാമ്പത്തിക പിന്തുണയും സർക്കാരുകൾ ഉറപ്പാക്കേണ്ടതുണ്ട്.

സഹകരണ - സ്വയം സഹായ സംഘങ്ങൾ ശക്തിപ്പെടുത്തുകയും നൈപുണ്യപരിശീലനം നേടുകയും സാമൂഹ്യസുരക്ഷ പദ്ധതികൾ പ്രയോജനപ്പെടുത്തുകയും സാമ്പത്തിക മുൻകരുതൽ ഉറപ്പാക്കുകയും ചെയ്യുകയെന്നത് തൊഴിലാളിയുടെ പ്രധാന ഉത്തരവാദിത്വമാണ്. രാജ്യത്ത് നിലവിൽ വന്നിരിക്കുന്ന പുതിയ തൊഴിൽ നിയമങ്ങൾ സംഘ ടിത മേഖലയെ ക്ഷീണിപ്പിക്കുന്നതും ജീവനക്കാരെ അസംഘടിത തൊഴിലാളികളായി മാറ്റുന്നതും അസംഘടിത മേഖലയെ പരിഗണി ക്കാത്തതുമാണെന്ന ട്രേഡ് യൂണിയനുകളുടെ ആക്ഷേപം ശക്തമാണ്. അതിനാൽ അസംഘടിത തൊഴിലാളികളുടെ ഉന്നമനത്തിനും ക്ഷേമ ത്തിനും സാമൂഹിക സുരക്ഷയ്ക്കും ഊന്നൽ നല്കുന്ന അഞ്ചാം

തൊഴിൽ നിയമം നിർമ്മിച്ച് പ്രാബല്യത്തിൽ കൊണ്ടുവരണമെന്ന് ഈ അവസരത്തിൽ സർക്കാരിനു മുമ്പിൽ ആവശ്യമായി ഉന്നയിക്കുന്നു.

വിശുദ്ധ യാക്കോബ് ശ്ലീഹ നമുക്ക് മുന്നറിയിപ്പ് നൽകുന്നു: "നിങ്ങൾ കൊടുക്കാതെ പിടിച്ചുവച്ച തൊഴിലാളികളുടെ വേതനം നിങ്ങൾക്കെതിരെ നിലവിളിക്കുന്നു" (യാക്കോബ് 5:4). ഇന്ന് ഈ നിലവിളികൾ ഇന്ത്യയിലെ അസംഘടിത തൊഴിലാളികളുടെയും കുടിയേറ്റ തൊഴിലാളികളുടെയും യുവജനങ്ങളുടെയും ജീവിതത്തിൽ നിഷേധിക്കപ്പെടുന്ന അവകാശങ്ങൾക്കു വേണ്ടിയുള്ള നിലവിളികളുമാണ്.

സാങ്കേതിക പുരോഗതിയും കൃത്രിമ ബുദ്ധിയും തൊഴിൽ ലോകത്തെ മാറ്റിമറിക്കുന്ന ഈ കാലഘട്ടത്തിൽ, മനുഷ്യനെ വെറും ഒരു 'സ്രോതസ്സായും ഉപാധിയായും' മാത്രം കാണുന്ന സമീപനം ഒഴിവാക്കേണ്ടത് അനിവാര്യമാണ്. സാങ്കേതിക വിദ്യ മനുഷ്യനെ സേവിക്കാനും സഹായിക്കാനുമുള്ളതാണ്, മനുഷ്യനെ മാറ്റി സ്ഥാപിക്കാനുള്ളതല്ല. ദാരിദ്ര്യം, കാർഷിക പ്രതിസന്ധി, തൊഴിൽ അവസരങ്ങളുടെ കുറവ്, തൊഴിൽ സുരക്ഷിതത്വമില്ലായ്മ തുടങ്ങിയ കാരണങ്ങളാൽ ലക്ഷക്കണക്കിന് തൊഴിലാളികൾ പ്രത്യേകിച്ചും യുവജനങ്ങൾ ഗ്രാമങ്ങളിൽ നിന്ന് നഗരങ്ങളിലേക്കും വിദേശ രാജ്യങ്ങളിലേക്കും കുടിയേറുന്നു. പലപ്പോഴും ഈ കുടിയേറ്റം അവരെ ചൂഷണത്തിനും സുരക്ഷിതമല്ലാത്ത താമസത്തിനും കുടുംബ വേർപാടിനും വിധേയരാക്കുന്നു. രാജ്യത്തിന്റെ മനുഷ്യവിഭവശേഷിയാണ് ഇതിലൂടെ നഷ്ടമാകുന്നത്. തിരുവചനം അന്യരെ സ്വീകരിക്കാനും ദുർബലരെ സംരക്ഷിക്കാനും നമ്മെ വിളിക്കുന്നു. "നിങ്ങൾ പരദേശികളെ പീഡിപ്പിക്കരുത്; നിങ്ങൾ ഈജിപ്തിൽ പരദേശികളായിരുന്നുവല്ലോ' (പുറപ്പാട് 23:9).

കുടിയേറ്റക്കാരെ ഭാരമായി കാണാതെ സഹോദരങ്ങളായി സ്വീകരിക്കണമെന്ന് ഫ്രാൻസിസ് പാപ്പ നമ്മെ നിരന്തരം ഓർമ്മിപ്പിക്കുന്നു. തൊഴിലാളികളുടെ ശക്തീകരണത്തിൽ തിരുസ്സഭയ്ക്ക് നിർണായക പങ്കുണ്ട്. കെ സി ബി സി ലേബർ കമ്മീഷൻ നേതൃത്വം നല്കുന്ന കേരള ലേബർ മൂവ്മെന്റ് അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിലൂടെ തൊഴിലാളിനേതൃത്വം വളർത്തുന്നതിലും പെൻഷൻ, ഇൻഷുറൻസ് തുടങ്ങിയവയിലൂടെ സാമൂഹ്യ സുരക്ഷ ഉറപ്പാക്കുന്നതിനുമായി നിലകൊള്ളുന്നു. ഇതിനായി തൊഴിലാളി ഫോറങ്ങൾ രുപീകരിച്ച് പ്രവർത്തിക്കുന്നു. നിർമ്മാണം, തയ്യൽ, ചെറുകിട കർഷകർ, മോട്ടോർ,

കർഷക തൊഴിലാളി, മത്സ്യ തൊഴിലാളി, ഗാർഹീക തൊഴിലാളി, പീടിക തൊഴിലാളികൾ തുടങ്ങിയ മേഖലകളിലാണ് ഫോറങ്ങൾ രൂപീകരിച്ചിട്ടുള്ളത്. ഇവയെ പ്രയോജനപ്പെടുത്താൻ ഓരോ തൊഴിലാളിയേയും പ്രചോദിപ്പിക്കുക എല്ലാവരുടെയും കടമയാണ്.

യുവജനങ്ങൾക്കും സ്ത്രീകൾക്കും സംരംഭകത്വത്തിനും തൊഴിൽ അവസരങ്ങൾക്കും വേദി ഒരുക്കുന്ന പ്രവർത്തനങ്ങളും കെ.എൽ.എം. ഏറ്റെടുത്ത് നടപ്പിലാക്കുന്നുണ്ട്. ഇത്തരത്തിൽ സമൂഹത്തിലെ പാർശ്വവല്കൃത വിഭാഗങ്ങൾക്ക് പ്രത്യാശയും ശക്തിയും കെ. എൽ. എം. പകർന്ന് നൽകുന്നു. കത്തോലിക്കാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ കാര്യവും പ്രാധാന്യമുള്ളതാണ്. തൊഴിലാളികൾക്ക് നീതിയുക്തമായ വേതനവും സാമൂഹ്യസുരക്ഷയും മാന്യമായ പരിഗണനയും ലഭിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടത് നമ്മുടെ ബാധ്യതയാണ്. തൊഴിൽ നിയമങ്ങൾ കർശനമായി പാലിക്കുകയും ചെയ്യണം. സി ബി സി ഐ ലേബർ ഓഫീസും കെ സി ബി സി ലേബർ കമ്മിഷനും ഇതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ മുമ്പേ നൽകിയിട്ടുണ്ട്. അവ പാലിക്കുന്നതിൽ മാനേജ്മെന്റ് ജാഗ്രത പുലർത്തണം. അപ്പോൾ സ്ഥാപനത്തിൽ സമാധാന അന്തരീക്ഷം നിലനില്ക്കും.

ഇന്ത്യയിലെ തൊഴിൽ ശക്തിയിൽ സ്ത്രീകൾ നിർണായക പങ്ക് വഹിക്കുന്നു. എന്നിരുന്നാലും പലപ്പോഴും അവർ വേതന വ്യത്യാസവും ചൂഷണവും അവഗണനയും നേരിടുന്നു. കുടുംബത്തിന്റെയും സമൂഹത്തിന്റെയും വളർച്ചയ്ക്ക് സ്ത്രീകളുടെ തൊഴിൽ അനിവാര്യമാണ്. അതിനാൽ സമവേതനം, സുരക്ഷിത ജോലിസ്ഥലം, സ്ത്രീകളുടെ മാന്യതയുടെ അംഗീകാരം എന്നിവ ഉറപ്പാക്കാൻ നാം പ്രതിജ്ഞാബദ്ധരാകണം. തൊഴിൽ മനുഷ്യ പുരോഗതിക്ക് മാത്രമല്ല, അത് സൃഷ്ടിയുടെ സംരക്ഷണത്തോടും ബന്ധപ്പെട്ടതാണ്. പരിസ്ഥിതിനാശവും കാലാവസ്ഥാമാറ്റവും കർഷകരെയും മത്സ്യത്തൊഴിലാളികളെയും ഏറെ ബാധിക്കുന്നു. അതിനാൽ സ്ഥിരതയുള്ള ഉപജീവന മാർഗങ്ങളും പരിസ്ഥിതി സൗഹൃദ വികസന നയങ്ങളും നാം പിന്തുണയ്ക്കണം.

ഭാവിയിലെ തൊഴിൽലോകം നമ്മുടെ യുവജനങ്ങളുടെ രൂപീകരണത്തെ സ്വാധീനിക്കുന്നു. സാങ്കേതിക മാറ്റങ്ങളുടെ കാലത്ത് യുവജനങ്ങൾ തൊഴിലില്ലായ്മയും നൈപുണ്യ പൊരുത്തക്കേടും പോലുള്ള വെല്ലുവിളികൾ നേരിടുന്നു. അവർക്കായി നൈപുണ്യപരിശീലനങ്ങൾ

സംരംഭകത്വ അവസരങ്ങൾ, നേതൃപരിശീലനം എന്നിവ ഒരുക്കുന്നത് നമ്മുടെ സാമൂഹിക ഉത്തരവാദിത്വമാണ്.

റേരും നൊവാരും മുതൽ ഫ്രത്തേലി തൂത്തി വരെയുള്ള എല്ലാ സാമൂഹിക പ്രബോധനങ്ങളിലും തിരുസ്സഭ നിരന്തരം പഠിപ്പിക്കുന്നത് തൊഴിലാളികളുടെ മാന്യതയും അന്തസ്സുമാണ് തൊഴിലിന്റെ യഥാർത്ഥ അടിസ്ഥാനം എന്നതാണ്. ഇന്ത്യയിലെ കത്തോലിക്കാ സമൂഹമായ നാം ദരിദ്രരുടെ പക്ഷത്ത് നിലകൊള്ളുകയും തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുകയും സമൂഹത്തിൽ ഐക്യം വളർത്തുകയും ചെയ്യാൻ വിളിക്കപ്പെട്ടിരിക്കുന്നു. ഒരാളും പിന്നിലാകാത്ത ഒരു സഹോദരത്വ സമ്പദ്‌വ്യവസ്ഥ ഇന്ത്യയിൽ രൂപപ്പെടുത്താൻ നാം പ്രതിജ്ഞാബദ്ധരാണ്. ഭാരണാധികാരികൾക്ക് അതിനു കഴിയേണ്ടതുണ്ട്. എങ്കിൽ മാത്രമേ തൊഴിലാളികളുടെ മാന്യത സംരക്ഷിക്കപ്പെടുകയും കുടിയേറ്റ തൊഴിലാളികൾ മാന്യതയോടെ സ്വീകരിക്കപ്പെടുകയും യുവജനങ്ങളും സ്ത്രീകളും പ്രത്യാശയോടെ മുന്നേറുകയും സമാധാനം പുലരുകയും ചെയ്യൂ. അതാണ് യഥാർത്ഥ വികസനം. 'സമാധാനത്തിന്റെ പേരാണ് വികസനം' എന്നാണ് പോൾ ആറാമൻ പാപ്പാ പ്രബോധിപ്പിച്ചത്.

ദൈവം എല്ലാ തൊഴിലാളികളെയും അനുഗ്രഹിക്കട്ടെ. വിശുദ്ധ യൗസേപ്പ് പിതാവ് നമ്മുക്കായി മാദ്ധ്യസ്ഥം പ്രാർത്ഥിക്കുകയും നമ്മുടെ കുടുംബങ്ങളെ സംരക്ഷിക്കുകയും ചെയ്യട്ടെ.

കെ.സി.ബി.സി. ലേബർ കമ്മീഷനുവേണ്ടി,

**ബിഷപ്പ് ഡോ. സെൽവിസ്റ്റർ പൊന്നുമുത്തൻ**
ചെയർമാൻ, കെ.സി.ബി.സി, ലേബർ കമ്മീഷൻ

പി. ഒ. സി., കേരള കത്തോലിക്കാ സഭയുടെ ആസ്ഥാന കാര്യാലയം
കൊച്ചി 682 025

NB:- 2026 ഏപ്രിൽ 26 ഞായറാഴ്ച കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്ക സഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും അറിയിക്കുന്നതിനായി നൽകിയ സർക്കുലർ.

# കച്ചേരിക്കാര്യം

## 1) പ്രസ്ബിത്തേരിയം

സ്നേഹ ബഹുമാനപ്പെട്ട വൈദികരേ,

അതിരൂപതാ പ്രസ്ബിത്തേരിയം (വൈദിക കൂട്ടായ്മ) **2026 മെയ് 12-ാം തീയതി ചൊവ്വാഴ്ച രാവിലെ 10.00 മണിക്ക്** എറണാകുളം കത്തീഡ്രൽ ബസിലിക്കാ ഹാളിൽ കൂടുന്നു. എറണാകുളം-അങ്കമാലി അതിരൂപതയ്ക്കായി പൗരോഹിത്യം സ്വീകരിച്ചവരും, ഇപ്പോൾ അതിരൂപതയിൽ സേവനം ചെയ്യുന്ന വരുമായ എല്ലാ വൈദികരും പ്രസ്തുത യോഗത്തിൽ സംബന്ധിക്കേണ്ടതാണ്. ബഹുമാനപ്പെട്ട എല്ലാ വൈദികരേയും പ്രസ്ബിത്തേരിയത്തിലേക്ക് സ്നേഹ പൂർവ്വം ക്ഷണിക്കുന്നു.

## 2) പാസ്റ്ററൽ കൗൺസിൽ യോഗം

എണാകുളം-അങ്കമാലി മേജർ അതിരൂപത പാസ്റ്ററൽ കൗൺസിലിന്റെ യോഗം **2026 മെയ് 23 ശനിയാഴ്ച രാവിലെ 10.00 മണിക്ക് കലൂർ റിന്യൂവൽ സെന്ററിൽ നടക്കും.**

## 3) വൈദികരുടെ വാർഷിക ധ്യാനം

ഓരോ വർഷവും അതിരൂപതാ വൈദികർക്കായി നടത്തുന്ന പൊതുധ്യാന ത്തിൽ എല്ലാ വൈദികരും നിർബന്ധമായും സംബന്ധിക്കണം. ചുണങ്ങം വേലി നിവേദിതയിലാണ് ധ്യാനം നടത്തപ്പെടുന്നത്. പ്രീസ്റ്റ്സ് ഹോമുകളിലെ അച്ചന്മാരുടെ ധ്യാനം സംബന്ധിച്ച വിവരങ്ങൾ അവരെ നേരിട്ട് അറിയിക്കു ന്നതാണ്. പ്രീസ്റ്റ് ഹോമിലെ ധ്യാനത്തിൽ മറ്റു വൈദികരെ പ്രതീക്ഷിക്കുന്നി ല്ലെന്നകാര്യം പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

താഴെ കാണുന്ന നാല് ബാച്ചുകളിൽ ഏതെങ്കിലും ഒന്നിൽ ബഹുമാനപ്പെട്ട അച്ചന്മാർ സംബന്ധിക്കത്തക്കവിധത്തിൽ നേരത്തെതന്നെ പരിപാടികൾ ക്രമീകരിക്കാൻ ശ്രദ്ധിക്കുമല്ലോ. വ്യക്തിപരമായി ധ്യാനങ്ങൾക്ക് പോകുന്നത് നല്ലതാണ്. എന്നാൽ, അത് വൈദികരുടെ പൊതുവായ വാർഷിക ധ്യാനത്തിന് പകരമാണ് എന്ന് ധരിക്കരുതെന്ന് അഭിവന്ദ്യ പിതാവ് മുൻകൂട്ടി ഓർമ്മിപ്പിച്ചത് ഒരിക്കൽകൂടി അറിയിക്കുന്നു.

1. **ധ്യാന തീയതികൾ**

June 21 Sunday - 26 Friday: Fr. Vincent Variath
July 05 Sunday - 10 Friday : Fr. Joy Painadath
July 12 Sunday - 17 Friday : Archbishop Prince Panengadan
Aug 16 Sunday - 21 Friday : Fr. Mariadas OIC *[Onam Batch]*

2. **കൊണ്ടുവരേണ്ടവ**

- കുർബാനക്കണക്ക്, കുമ്പസാരപത്തേന്തി
- കാനോന നമസ്കാരപുസ്തകം
- Binated and Trinated കുർബാനകളുടെ കണക്ക്.

3. **കുർബാനകൾ**

ധ്യാനം സംബന്ധിച്ച് ബഹു. വൈദികർ ഓരോരുത്തരും ചൊല്ലേണ്ട കുർബാനകൾ:

**- പരേതരായ വന്ദ്യ പിതാക്കന്മാർക്കും വൈദികർക്കും വേണ്ടി: 1**
**- ജീവകാരുണ്യപ്രവർത്തനങ്ങൾക്കു വിനിയോഗിക്കുവാൻ: 5**
**- വൈദികക്ഷേമനിധി (PWF) യിലേക്ക്: 12**
**- പൊതുധ്യാനത്തിൽ സംബന്ധിക്കുന്നവർ ഭക്ഷണ ചെലവിനായി : 5**

അതിരൂപതാ വൈദികരിൽ പൊതുധ്യാനത്തിൽ സംബന്ധിക്കുന്നവർ 23 കുർബാനകളും, തനിച്ചു ധ്യാനിക്കുവാൻ അനുവദിക്കപ്പെട്ടിട്ടുള്ളവർ 18 കുർബാനകളും **ഡിസംബർ 31-ാം** തീയതിക്കകം ചൊല്ലിത്തീർത്ത് വിവരം അതിരൂപതാ കച്ചേരിയിൽ അറിയിക്കണം (*അതിരൂപത നിയമസംഹിത 2009,* പേജ് 44).

4. **സന്ന്യസ്ത വൈദികർ**

അതിരൂപതയ്ക്കുവേണ്ടി സേവനം ചെയ്യുന്ന സന്ന്യസ്ത വൈദികരും അതിരൂപതാവൈദികരോടൊപ്പം പൊതുധ്യാനത്തിൽ സംബന്ധിക്കണമെന്നാണ് അതിരൂപതയുടെ താല്പര്യം. അപ്രകാരം ധ്യാനത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന സന്ന്യസ്ത വൈദികർ തങ്ങളെ ഏതു ബാച്ചിലാണ് ഉൾപ്പെടുത്തേണ്ടതെന്ന വിവരം മുൻകൂട്ടി **നിവേദിത ഡയറക്ടറെ** അറിയിക്കേണ്ടതാണ്. **ഫോൺ: 0484-2837375, 2837870, 9387074687**

---

## Batch 1 (June 21 - 26)

**Rev. Fr. Vincent Variath**

1. Ambalathil James
2. Ambalathingal Varghese
3. Attummel Michael
4. Bharanikulangara Augustine
5. Chalissery Anto
6. Cheraparambil Varghese
7. Cherpanath Shanly
8. Chethimattam Abraham (Ginu)
9. Cholikkara Jose

10. Edassery Antony (Akhil)
11. Edassery Jose
12. Eravimangalam Kuriakose
13. Kachappally Paul
14. Kachappilly George
15. Kachappilly Jacob (Vince)
16. Kaithakottil Joyce
17. Kalapparambath Thomas (Joshy)
18. Kalappurackal Sany (Aljo)
19. Kalathiparambil Kuriakose (Juby)
20. Kaliyankara Varghese (Alan)
21. Kallookaran Thomas
22. Kanamkudam George
23. Kanjirakattukari Peter (Saneesh)
24. Kannampuzha Varghese (Santo)
25. Kannaparamban Joseph (Saje)
26. Karthanam Mathew
27. Karukanthara Thomas (Julius)
28. Kattuparambil Antony (Linto)
29. Kidangen Abraham
30. Kiliyelikkudy Paul (Anil) (Jr.)
31. Kodackal Berchmans
32. Kolenchery Paul
33. Koluthuvally Raphael (Jaison)
34. Kottoor Jose (Freddy)
35. Kozhuvallil Varkey (Sanju)
36. Madan Paul
37. Madathil Joseph (Christy)
38. Madathumpady Antony
39. Madavana Davis
40. Madavana Devassykutty (Sherin)
41. Malpan Rocky (Suresh)
42. Mampuzhakal James (Sachin)
43. Manayampilly Sebastian (Sibin)
44. Mandanath Jose
45. Manickathan Joseph (Tony)
46. Manikath Varghese
47. Marottikkal Kuruvila
48. Mazhuvanchery Thomas
49. Mekkanthuruthil Alex
50. Moonjely Joseph (Shanu)
51. Mulavarickal Joseph (Don)
52. Mulavarickal Varghese (Bibin)
53. Mulavarickal Varghese (Vinu)
54. Mullanchira Tom
55. Nariculam Antony Msgr.
56. Nazhiyampara Sebastian
57. Nellikunnath Zacharias
58. Nellissery George
59. Njaliath Paul (Jery)
60. Njaliath Tharian
61. Njanakkal Joseph (Jins)
62. Ozhalakat Jose
63. Padayatty Antony (Nikhil)
64. Padickaparambil Varghese (Savy)
65. Palathingal Jose
66. Palathinkal Martin (Jerin)
67. Palatty Varghese (V)
68. Paliakkara Joseph (Jomon)
69. Pallippattu Antony
70. Pallippattu Paul (Nikhil)
71. Panatt Xavier (Binoy)
72. Parecattil Sebastian (Benny)
73. Parecattil Varghese (Albin)
74. Parevely Antony
75. Periyappadan Augustine (Amal)
76. Perumayan Thomas (Joy)
77. Perumayan Varghese (Biju)
78. Pollayil Jose
79. Puthenparambil George (Siby)
80. Puthenpurakal Shajan
81. Puthiyedath Jose
82. Theckanath John
83. Thelekatt George (Aneesh)
84. Thengathara Jose
85. Therully Thomas (Arun)
86. Thettayil George (Charles)
87. Thiruthanathil Peter
88. Thottupuram John
89. Vaikathuparambil Thomas
90. Valliyara Joseph (Stephin)
91. Vazhakkala Antony
92. Veliyil Antony (Riju)
93. Vellattuparambil Praveen

## Batch 2 (July 05 - 10)

**Rev. Fr. Joy Painadath**

1. Ainiyadan Joy
2. Arickal Francis
3. Athappilly George
4. Avallil Xavier
5. Chakiath Kuriakose (Joy)
6. Chavalekkad Joseph Rojin
7. Cheerakathil Thomas (Sinto)
8. Chirackal Xavier (Abin)
9. Chully Paul
10. Edassery Antony (Ebin)
11. Kachappilly Dominic
12. Kachirackal Mathew (Martin)
13. Kaiprampadan Justine
14. Kaiprampadan Paul
15. Kaiprampatt Joseph (Jomon)
16. Kakkattuchira Thomas
17. Kalappurackal Sebastian
18. Kalathil Joseph (Babu)
19. Kallarackal Joseph (Joy)
20. Kallilan Alex CMI
21. Kallookaran Antony (Tony)
22. Kallungal Martin
23. Kallungal Sebastian (Sen)
24. Kandathil Thomas (Tomy)
25. Kaniamparambil Joseph
26. Kanjirathingal John
27. Kannambilly Joseph (Sanjo)
28. Kannampuzha Joseph (Reju)
29. Kannampuzha Joy
30. Kannatt Thomas
31. Karikunnel Josepaul (Albin)
32. Kattakayam Kurian
33. Kattayil Mathew (Denny)
34. Katteth George
35. Kilukkan Chacko (Nithin)
36. Kollamkudy Rocky
37. Koluthuvellil Joseph
38. Koovely Varghese (Sujith)
39. Kunnel Joseph (Vinu)
40. Kureeckal Will Mathew
41. Kurisingal Francis (Nibin)
42. Kuriyedan Joseph (Lijo)
43. Madan Jose
44. Madassery Cheria (Jackson)
45. Madassery Paul (Shaiju) (Jr.)
46. Maliakal Varkey (Athul)
47. Manavalan Praveen
48. Maniparambil Nichlavos
49. Manjaly Sebastian (Sony)
50. Marottikudy Jacob
51. Mazhuvancherry Cherian (Allen)
52. Meledath Devassy (Ashbin)
53. Meledath Paul (Jaison)
54. Mundadan Tharian
55. Naduvathusery Antony
56. Nariculam Thomas
57. Njavarakkattu Augustine (Jithin)
58. Odanattu Raphael (Amal)
59. Padayattil Paul (Sr.)
60. Painumkal Jose
61. Painumkal Varghese
62. Palamoottil George (Pradeesh)
63. Palatty Joseph (Bijoy)
64. Pallickal Jacob
65. Panavelil James
66. Parackal Antony (Subin)
67. Parecattil Joseph
68. Payyappilly Ignatius
69. Pereppadan James
70. Pereppadan Thomas
71. Poochakkatt Thomas (Jimmy)
72. Pottackal Varghese (Joshy)
73. Pottoly Sebastian
74. Pulickal Varghese
75. Punnakkal Varghese
76. Puthussery Joseph (Joshy)
77. Puthussery Joseph (Sanu)
78. Puthussery Thomas (K)

79. Puthuva Declus (Dennis)
80. Thadikkaren Thomas (Tom Leo)
81. Thottakkara Jose
82. Thottankara Jophy
83. Thottiyil James
84. Thyparambil Antony (John)
85. Urakkadan Sebastian
86. Vallayil Jose
87. Vazhayil George (Tojo)
88. Vellanjiyil Antony (Albin)
89. Vithayathil George

---

## Batch 3 (July 12 - 17)

**Archbishop Prince Panengadan**

1. Ainiyadan John
2. Alukkal Varghese
3. Ambooken Paul (Jeny)
4. Bharanikulangara Kurian
5. Chathely Jose
6. Chillackal Thomas
7. Chittinappilly Paul
8. Edassery Mathew
9. Elavumkudy Johnson
10. Injacka Palatty Joseph (Berlin)
11. Kadalikattu Joseph (Jibin)
12. Kadalikkattil Paul (Disto)
13. Kaiprampatt Sebastian
14. Kalappurackal George (Sunny)
15. Kallely Augustine
16. Kallookadan Michael (Bagio)
17. Kallookaran Paul
18. Kanjirakattukari Paul
19. Kannampuzha Peter
20. Karedan Paul
21. Karumathy Joseph
22. Kattakkakathoottu Antony (Bony)
23. Kavalippadan Varkey (Jithin)
24. Keezhathara Varghese (Alvin)
25. Kidangan Kuriakose (Subin)
26. Kilukkan Mathew (Manjul)
27. Kizhakkettam Sebastian
28. Koikkara Peter (Shabu)
29. Koikkara Varghese (Saneesh)
30. Konattukuzhy Mathew
31. Koovely Johnson
32. Koren Kuriakose (Saju)
33. Koroth Jacob
34. Kottakkal Paul (Jr.)
35. Kozhikkadan Varghese
36. Kunnekkadan Joseph (Cyril)
37. Kurickavelichira Antony (Jithu)
38. Madassery Sebastian
39. Maipan Jose
40. Mampilly Varghese (Sabu)
41. Manavalan Joseph
42. Manayampilly Paul
43. Mangalassery Thomas
44. Mangatt Thomas (Binu)
45. Manickathan Xavier (Dino)
46. Manikathan George
47. Manjaly Jacob
48. Mankuriyil Antony
49. Mavely Poulose (Gifin)
50. Mazhuvanchery Antony
51. Moolan Antony (Delvin)
52. Moothedan Antony (Ajo)
53. Morely Paul
54. Naduparambil Mathew (Anson)
55. Nellissery Sebastian
56. Olattu George (Amal)
57. Padayattil Peter (Sajo)
58. Painumkal Varghese
59. Palachuvattil Cyril (Jence)
60. Palackal John (Cyril)
61. Palackappilly Jacob G.
62. Palatty Stephen (Benny)
63. Pallippadan Poulose (Akhil)
64. Parambathara Vincent
65. Paravara Antony
66. Parecattil Yohanan
67. Perumayan Antony Msgr

68. Plackal Joseph (Biju)
69. Plackal Joy
70. Ponthempilly Varghese (Baiju)
71. Poothavelithara Varghese
72. Punnackal Paul (Pinto)
73. Punnakkal George (Baby)
74. Puthenpurackal Sherin
75. Puthussery Jose (P)
76. Thachil Mathew
77. Thaiparambil Varghese (Assin)
78. Thanippilly Antony
79. Thekken John
80. Thekkinen Joseph
81. Thengathara Kuriakose
82. Thettayil Jacob (Jeslin)
83. Thottungal Jetto
84. Thuruthikkara James
85. Uthuppan Antony (Shinu)
86. Valookkaran Thomas
87. Vattakkara James (Jomish)
88. Vattapparambil Antony
89. Vattathara John
90. Vazhappilly Thomas (Robin)
91. Vellarackal Paul
92. Vembilly Joseph
93. Vembulliyath Martin (Binu)
94. Vezhaparambil Joshy

---

## Onam Batch 4 (Aug 16 - 21)

**Rev. Fr. Mariadas OIC**

1. Adayanthrath Martin
2. Akkanath Jacob (Manu)
3. Alakkadan Peter
4. Appadan Antony (Akhil)
5. Athappilly Paul
6. Bharanikulangara Paul (Jino)
7. Chakiath Elias (Biju)
8. Channappallil Sebastian
9. Cheranthuruthy Anto
10. Cherupilly Paul (Shaju)
11. Chirackal Joseph (Joshy)
12. Chirackal Manavalan Joseph (Jiril)
13. Chittilappilly Joseph (Melvin)
14. Edassery Joseph (Ebey)
15. Edassery Martin (Sminto)
16. Edassery Varghese (Baiju) (Jr.)
17. Edassery Varghese (Sr.)
18. Eravimangalam Antony (Sunny)
19. Inchackal Celestine
20. Kaithottungal Paul (Paulachan)
21. Kakkattu Johnson Jose
22. Kalapurackal Joseph (Abin)
23. Kallarackal Sebastian (Jijo)
24. Kandathil Joseph (Biju)
25. Kannattu John (Jibin)
26. Karedan Antony (Solomon)
27. Kareemadom Alex
28. Kariyil Thomas
29. Kavalipadan Francis
30. Kiliyelkudy Paul (Anil)
31. Kilukkan Thomas (Binto)
32. Kiriyanthan Joe Paul
33. Kodiyan Paul Raj
34. Kolenchery Joy
35. Konuparamban Sebastian (Shijo)
36. Kottakkal Antony (Tony)
37. Kozhuvallil Jacob
38. Kumpail Vakkachan (Varghese)
39. Kunnathoor James (Jimmy)
40. Kunnathoor Lukose
41. Kunnekkadan Paul (Stenny)
42. Kureeckal Win Thomas
43. Madassery Johnson (Jofin)
44. Madassery Paul (Sr.)
45. Maippan Thomas (Ancil)
46. Maliyekkal Antony (Tony)
47. Manavalan Mathew
48. Manickathan Varghese (Dinto)
49. Maramparambil Joseph (Benny)
50. Marottikudy Hormis (Shaju)
51. Mechery Joseph

52. Menachery Varghese (Akhil)
53. Moonjely George
54. Moonjely Paul
55. Mulavarickal Ouseph (Nikhil)
56. Mundadan Kuriakose
57. Mynattiparambil Varghese (Rijo)
58. Mynatty Hormis
59. Nangelimalil Rojan
60. Nangelimalil Thomas
61. Oliapurath Abraham (Jijiachan)
62. Oliapurath Jose
63. Padannakkal Davis (Ajil)
64. Painumkal John
65. Palatty Sebastian
66. Palatty Varghese (Jr.)
67. Pallipatt Joseph (Jinu)
68. Pallippattu Joseph (Jith)
69. Pallupetta Simon
70. Panikulangara Joseph (Ajay)
71. Pathadan Joseph (Bibin)
72. Pereppadan Paulson
73. Poonoly Sebastian (Bineesh)
74. Poothavelil Antony
75. Puthiaparambil Antony
76. Puthussery Jacob
77. Puthussery Raphael (Rince)
78. Puthussery Varghese (Able)
79. Puthuva Joshy
80. Sankoorikal Joseph (Jomon)
81. Thamaravely Joseph
82. Thejus Alexis (Alex)
83. Thekkanath Paul (Biju)
84. Thekkinedath Joseph (Petson)
85. Thelakkat Jose
86. Thelakkat Xavier (Sr.)
87. Thottiyil Varghese (Lal)
88. Vadakkumpadan Sebastian (Jr.2)
89. Valiaveettil Varghese (Arun)
90. Vallooran Johnson
91. Varikkattupadam Mathew (Vinil)

ഫാ. തോമസ് (ജിമ്മി) പൂച്ചക്കാട്ട്
പ്രൊ പ്രോട്ടോസിഞ്ചെല്ലൂസ്

---

# SUSPENSION

Fr. Joseph Kodiyan of the Archeparchy of Ernakulam-Angamaly is suspended from the exercise of the priestly ministry with immediate effect due to the accusation of certain priestly indiscipline.

By order,

Chancellor 02-04-2026

# നിര്യാതരായി



## ഫാ. പോൾ തേനായൻ

**ജനനം: 23/05/1945**
**തിരുപ്പട്ടം: 27/03/1971**
**മരണം: 08/04/2026**

ബഹുമാനപ്പെട്ട പോൾ തേനായനച്ചൻ 1945 മെയ് 23 -ാം തീയതി വെള്ളാരപ്പിള്ളി പരേതരായ ഔസേപ്പ്-ത്രേസ്യ ദമ്പതികളുടെ 11 മക്കളിൽ ഒരാളായി ജനിച്ചു. ദേവസി, മേരി, ത്രേസ്യാമ്മ, റോസി, ജോസ്, ആനീസ്, എൽസി, വർഗീസ്, ടോമി, ജോണി എന്നിവർ സഹോദരങ്ങളാണ്. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം അതിരൂപതാ മൈനർ സെമിനാരിയിൽ ചേരുകയും തുടർന്ന് വടവാതൂർ സെമിനാരിയിൽ തത്വശാസ്ത്രവും റോമിലെ പ്രൊപ്പഗാന്ത ഫീദേ സെമിനാരിയിൽ ദൈവ ശാസ്ത്രവും പഠിച്ച് വൈദികപരിശീലനം പൂർത്തിയാക്കി. 1971 റോമിൽ വച്ച് കർദിനാൾ ആഗ്നെലോ റോസെയിൽ നിന്നും തിരുപ്പട്ടം സ്വീകരിച്ചു. അതിരൂപതയിലെ കിഴക്കമ്പലം, അങ്കമാലി, എറണാകുളം ബസിലിക്ക എന്നീ പള്ളികളിൽ സഹവികാരിയായും വാതക്കാട്, എളംകുളം, കാക്കനാട്, ഉല്ലല, മാതാനഗർ, കരുമാലൂർ, നെടുവന്നൂർ, പുത്തൻപള്ളി, പാലാരിവട്ടം, കുഴുപ്പിള്ളി, കറുകുറ്റി എന്നിവിടങ്ങളിൽ വികാരിയായും സത്യദീപത്തിന്റെ എഡിറ്ററായും അച്ചൻ സേവനം ചെയ്തിട്ടുണ്ട്. എട്ടുവർഷക്കാലം ജർമ്മനിയിലും അച്ചൻ സേവനം ചെയ്തിട്ടുണ്ട്. എടക്കുന്ന് പ്രീസ്റ്റ്സ് ഹോമിൽ വിശ്രമജീവിതം നയിക്കുകയായിരുന്ന പോളച്ചൻ ഏതാനും ദിവസങ്ങൾ അങ്കമാലി എൽ.എഫ്. ആശുപത്രിയിൽ ചികിത്സയിലായിരുന്നു. അവിടെവച്ച് 2026 ഏപ്രിൽ 8-ാം തീയതി ബുധനാഴ്ച രാവിലെ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു.

ബഹുമാനപ്പെട്ട പോളച്ചന്റെ മൃതദേഹം ഏപ്രിൽ 11-ാം തീയതി ശനിയാഴ്ച രാവിലെ 7.30-ന് സെന്റ് പോൾസ് പ്രീസ്റ്റ്സ് ഹോമിൽ പൊതുദർശനത്തിന് വച്ചു. മൃതസംസ്കാര ശുശ്രൂഷയുടെ ആദ്യഭാഗത്തിന് കാർമികത്വം വഹിച്ചത് എറണാകുളം-അങ്കമാലി അതിരൂപതാംഗവും ട്യൂറാ സഹായമെത്രാനുമായ അഭിവന്ദ്യ ജോസ് ചിറക്കൽ പിതാവാണ്. തുടർന്ന്, അച്ചന്റെ മൃതദേഹം ഉച്ചയ്ക്ക് 12.00 മണി വരെ വെള്ളാരപ്പിള്ളിയിലെ തറവാട് വീട്ടിൽ പൊതുദർശനത്തിന് വച്ചു. മൃതസംസ്കാരശുശ്രൂഷയുടെ രണ്ടാം ഭാഗത്തിന് കുടുംബാംഗമായ ബ. ടോമി കണ്ടത്തിലച്ചൻ മുഖ്യകാർമ്മികത്വം വഹിച്ചു.

ഉച്ചകഴിഞ്ഞ് 2.30-ന് മൃതസംസ്കാര ശുശ്രൂഷയുടെ മൂന്നാം ഭാഗം ആരംഭിച്ചു. വികാരി ജനറൽ പെരിയ ബഹുമാനപ്പെട്ട ആന്റോ ചേരാംതുരുത്തിയച്ചൻ മുഖ്യകാർമ്മികത്വം വഹിച്ചു. കുടുംബാംഗങ്ങളായ ബഹുമാനപ്പെട്ട ടോമി കണ്ടത്തിലച്ചനും ബിജു കണ്ടത്തിലച്ചനും, സഹപാഠികളായ മോൺസിഞ്ഞോർ പെരിയ ബഹുമാനപ്പെട്ട ആന്റണി പെരുമായനച്ചനും സെബാസ്റ്റ്യൻ വാഴപ്പിള്ളിയച്ചനും ജോസഫ് കോഴിക്കോടനച്ചനും വർഗീസ് പാലാട്ടിയച്ചനും സഹകാർമ്മികരായിരുന്നു.

സുവിശേഷ വായനയ്ക്കുശേഷം കുടുംബാംഗമായ ബഹുമാനപ്പെട്ട ടോമി കണ്ടത്തിലച്ചൻ പോളച്ചന് സുവിശേഷ ഗ്രന്ഥം മുത്തിച്ചു. കുർബാനമധ്യേ സന്ദേശം നൽകിയത് പെരിയ ബഹുമാനപ്പെട്ട മോൺസിഞ്ഞോർ ആന്റണി പെരുമായനച്ചനാണ്. ദൈവത്തിന്റെ മഹത്വത്തിനും ദൈവജനത്തിന്റെ വളർച്ച യ്ക്കുംവേണ്ടി ദൈവം നൽകിയ താലന്തുകളെ അതിന്റെ പൂർണ്ണതയിൽ ജീവിതത്തിൽ ഉപയോഗപ്പെടുത്തിയ ഒരു വന്ദ്യപുരോഹിതന്റെ മൃതസംസ്കാര ശുശ്രൂഷയിലാണ് നമ്മൾ പങ്കുചേരുന്നത് എന്ന് അനുസ്മരിച്ചുകൊണ്ടാണ് പെരിയ ബഹുമാനപ്പെട്ട ആന്റണി അച്ചൻ തന്റെ സന്ദേശം ആരംഭിച്ചത്. പോളച്ചൻ സേവനം ചെയ്തിരുന്ന ഇടവകകളിൽ അവിടെയുള്ള ജനത്തിന്റെ വേദനകളിലും ക്ലേശങ്ങളിലും പങ്കുചേരുകയും അവരുടെ ആവശ്യങ്ങൾ മനസ്സിലാക്കി അവരെ സഹായിക്കുകയും ചെയ്ത ഒരു നല്ല മനസ്സിന്റ ഉടമ യായിരുന്നു. കർത്താവിന്റെ കരുണയുടെ മുഖം ദൈവജനത്തിന് കാണിച്ചു കൊടുത്ത വ്യക്തിയാണ് പോളച്ചൻ. അച്ചന്റെ പൗരോഹിത്യജീവിതത്തിൽ അധികാരത്തോടുള്ള താൽപര്യത്തേക്കാൾ മറ്റുള്ളവർക്കുവേണ്ടി തന്റെ സംലഭ്യതയെക്കുറിച്ച് അച്ചൻ വളരെ ശ്രദ്ധാലുവായിരുന്നു. മറ്റുള്ളവരുടെ ദുഃഖങ്ങളിൽ പ്രത്യാശയുടെ പ്രതീകമായിരുന്നു പോളച്ചൻ. സാമ്പത്തികമായി ക്ലേശിക്കുന്ന ഇടവക ജനങ്ങൾക്ക് കഴിയുന്നവിധത്തിലെല്ലാം അച്ചൻ സഹായം നൽകിയിരുന്നു. സന്തോഷിക്കുന്നവരോടൊപ്പം സന്തോഷിക്കു കയും കരയുന്നവരോടൊപ്പം കരയുകയും ചെയ്തിരുന്ന ഒരു വൈദികനാണ് പോളച്ചൻ. വലിയ കാര്യങ്ങൾ ചെയ്യുന്നതിനേക്കാൾ ചെറിയ കാര്യങ്ങൾ വലിയ സ്നേഹത്തോടെ ചെയ്യാൻ അച്ചൻ എപ്പോഴും ശ്രദ്ധിച്ചിരുന്നുവെന്ന് ആന്റണി അച്ചൻ അനുസ്മരിച്ചു.

അംഗീകാരങ്ങൾക്കുവേണ്ടി അച്ചൻ ഒന്നും ചെയ്തിരുന്നില്ല. പക്ഷേ അദ്ദേഹത്തിന്റെ ജീവിതത്തിൽ അദ്ദേഹത്തിന്റെ പ്രവർത്തിമൂലം ആദരവും ബഹുമാനവും അച്ചൻ നേടി. അച്ചൻ മഹത്വം അന്വേഷിച്ചില്ല. എന്നാൽ, സ്നേഹത്തിൽ മഹനീയനായി. ലാളിത്യത്തിന്റെയും ഔദാര്യത്തിന്റെയും കാരുണ്യത്തിന്റെയും ശൈലി അച്ചനെ എല്ലാവരുടെയും പ്രിയങ്കരനാക്കി മാറ്റി. എറണാകുളം-അങ്കമാലി അതിരൂപതയുടെ മകൻ ആയിരിക്കുന്നതിൽ ഏറെ അഭിമാനിച്ചിരുന്ന വൈദികനാണ് പോളച്ചൻ. തന്റെ പൗരോഹിത്യ ജീവിത

ത്തിൽ നിശബ്ദമായി പിന്തുണയും ശക്തിയുമായിനിലകൊണ്ട പോളച്ചനെ ഹൃദയവേദനയോടെ അനുസ്മരിച്ചു കൊണ്ടാണ് ആന്റണി പെരുമായൻ അച്ചൻ തന്റെ സന്ദേശം അവസാനിപ്പിച്ചത്. മൃതസംസ്കാര ശുശ്രൂഷയുടെ അവസാന ഭാഗത്ത് മേജർ ആർച്ച്ബിഷപ് മാർ റാഫേൽ തട്ടിൽ പിതാവ് കാർമികത്വം വഹിച്ചു. അഭിവന്ദ്യ തോമസ് ചക്യത്ത് പിതാവ് സഹകാർമിക നായിരുന്നു. അജപാലന ശുശ്രൂഷയിൽ പോളച്ചൻ നടത്തിയ അധ്വാന ത്തെയും സ്വീകരിച്ച ക്ലേശങ്ങളെയും അഭിവന്ദ്യ റാഫേൽ പിതാവ് നന്ദിയോടെ സ്മരിച്ചു. പ്രിയപ്പെട്ട പോളച്ചാ, അങ്ങ് നൽകിയ സ്നേഹത്തിനും ലളിതമായ ജീവിതമാതൃകയ്ക്കും മുന്നിൽ എറണാകുളം-അങ്കമാലി അതിരൂപതയുടെ പ്രണാമം!

## റവ. സിസ്റ്റർ ജെരാർദ് CSN

(സിസ്റ്റേഴ്സ് ഓഫ് നസ്രത്ത്, പാദുവാപുരം)



ജനനം : 18/06/1941 • വ്രതവാഗ്ദാനം : 10/08/1965
മരണം : 12/04/2026

---

# വാർത്തകളും വിശേഷങ്ങളും

## ക്രൈസ്തവ എ ഐ പ്ലാറ്റ്ഫോമുമായി സഹോദരങ്ങൾ; 'അക്യൂട്ടിസ് എ ഐ' തരംഗമാകുന്നു

ക്രിസ്തീയ ധാർമികതയിലും കത്തോലിക്ക മതബോധനത്തിലും അധിഷ്ഠിത മായ എ ഐ സെർച്ച് പ്ലാറ്റ്ഫോമായ 'അക്യൂട്ടിസ് എ ഐ'ക്ക് രൂപം നൽകി സർവകലാശാല വിദ്യാർത്ഥികളായ സഹോദരങ്ങൾ. ഡെള്ളാസ് സർവകലാ ശാല വിദ്യാർത്ഥിയായ പീറ്റർ കൂണിയും, ബെയ്‌ലർ സർവകലാശാല വിദ്യാർത്ഥിയായ തോമസ് കൂണിയും ചേർന്നാണ് ഇതിന് രൂപം നൽകിയത്. ദൈവത്തെ സ്നേഹിക്കാനായി ടെക്നോളജിയെ ഉപയോഗിച്ച വിശുദ്ധ കാർലോ അക്യൂട്ടിസിന്റെ നാമമാണ് ഈ എ ഐ പ്ലാറ്റ്ഫോമിന്

നൽകിയിരിക്കുന്നത്. ഗർഭച്ഛിദ്രം പോലുള്ള ധാർമ്മിക വിഷയങ്ങളിൽ സഭയുടെ നിലപാടുകൾക്ക് വിരുദ്ധമായ മറുപടികൾ പ്രമുഖ എ ഐ പ്ലാറ്റ്ഫോമുകൾ പലപ്പോഴും നൽകുന്നതിനാൽ ഇതിനൊരു പരിഹാരമായിട്ടാണ് 'അക്യൂട്ടിസ് എ ഐ' എന്ന പ്ലാറ്റ്ഫോമിന് ഇവർ രൂപം നൽകിയത്. കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥം, മാർപാപ്പമാരുടെ പ്രബോധനങ്ങൾ, വിശുദ്ധ തോമസ് അക്വിനാസിന്റെ 'സുമ്മാ തിയോളജിക്ക' തുടങ്ങിയ ആധികാരിക ഗ്രന്ഥങ്ങളാണ് ഈ എ ഐ പ്ലാറ്റ്ഫോമിനെ ട്രെയിൻ ചെയ്യാൻ ഉപയോഗിച്ചിരിക്കുന്നത്.

## മാർ പോൾ മൂന്നാമൻ നോന കൽദായ സഭയുടെ പുതിയ പാത്രിയാർക്കീസ്

ഇറാക്ക് ആസ്ഥാനമായുള്ള കൽദായ കത്തോലിക്ക സഭയുടെ പുതിയ പാത്രിയാർക്കീസായി ആർച്ചുബിഷപ് അമൽ ഷമോൺ നോനയെ തിരഞ്ഞെടുത്തു. മാർ പോൾ മൂന്നാമൻ നോന എന്ന പേരാണ് പുതിയ പാത്രിയാർക്കീസ് സ്വീകരിച്ചിരിക്കുന്നത്. പാത്രിയാർക്കീസായിരുന്ന കർദിനാൾ ലൂയിസ് റാഫേൽ സാക്കോയുടെ രാജി പാപ്പ അംഗീകരിച്ചതിനെ തുടർന്ന് റോമിൽ നടന്ന കൽദായ സഭാ സിനഡിലാണ് സഭയുടെ പുതിയ അമരക്കാരനെ തിരഞ്ഞെടുത്തത്. ഇറാക്കിലും ലോകമെമ്പാടുമുള്ള കൽദായ വിശ്വാസികളുടെ ആത്മീയ നേതാവായി ഇനി മാർ പോൾ മൂന്നാമൻ നോന പ്രവർത്തിക്കും.

## സഭയുടെ അജപാലന-മിഷൻ ശൈലികൾ മാറണമെന്ന് പാപ്പ; കർദിനാൾമാർക്ക് സുപ്രധാന കത്ത്

സഭയുടെ എല്ലാ തലങ്ങളിലും അടിമുടി മാറ്റങ്ങളുടെ സൂചന നൽകി കർദിനാൾമാർക്ക് ലിയോ 14-ാമൻ പാപ്പയുടെ കത്ത്. ജൂൺ മാസത്തിൽ വത്തിക്കാനിൽ നടക്കുന്ന കൺസിസ്റ്ററിക്ക് മുന്നോടിയായാണ് ലിയോ 14-ാമൻ പാപ്പ കർദിനാൾമാർക്ക് കത്തയച്ചത്. ഫ്രാൻസിസ് മാർപാപ്പയുടെ അപ്പസ്തോലിക പ്രബോധനമായ 'സുവിശേഷത്തിന്റെ സന്തോഷ'ത്തിന്റെ വെളിച്ചത്തിൽ സഭയുടെ മിഷൻ ശൈലിയിലും അജപാലന ശൈലിയിലും വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ച് ജനുവരിയിൽ ചേർന്ന കൺസിസ്റ്ററിയിൽ ഉയർന്നുവന്ന ആശയങ്ങളുടെ വെളിച്ചത്തിലാണ് പാപ്പയുടെ കത്ത്. ആഫ്രിക്കൻ സന്ദർശനത്തിന് പുറപ്പെടുന്നതിന് തൊട്ടുമുമ്പായി പാപ്പ അയച്ച കത്തിൽ വിശ്വാസികളുടെ വ്യക്തിപരമായ ജീവിതത്തിലും കൂട്ടായ്മയിലും രൂപതാതലത്തിലും വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ച് പാപ്പ പറഞ്ഞുവയ്ക്കുന്നു.

## നൂറാം ജന്മദിനം; മാർ പള്ളിക്കാപ്പറമ്പിലിന് ആശംസകളുമായി മെത്രാന്മാർ

നൂറാം ജന്മദിനത്തിൽ ബിഷപ് എമരിറ്റസ് മാർ ജോസഫ് പള്ളിക്കാപ്പറമ്പിലിന് ആശംസകളുമായി മെത്രാന്മാർ. പാലാ ബിഷപ്സ് ഹൗസിൽ ചേർന്ന

അനുമോദന സമ്മേളനം കർദിനാൾ ഓസ്വാൾഡ് ഗ്രേഷ്യസ് ഉദ്ഘാടനം ചെയ്തു. മാർ പള്ളിക്കാപ്പറമ്പിൽ ശരിയായ പാത കാണിച്ചു നൽകിയ ആത്മീയ നേതാവാണെന്നു കർദിനാൾ ഗ്രേഷ്യസ് പറഞ്ഞു. സീറോമലബാർസഭ മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ അധ്യക്ഷത വഹിച്ചു. സഭക്ക് വഴികാട്ടിയ നക്ഷത്രമായിരുന്നു മാർ പള്ളിക്കാപ്പറമ്പിലെന്ന് മാർ തട്ടിൽ പറഞ്ഞു. മാർ റാഫേൽ തട്ടിലും കർദിനാൾ മാർ ജോർജ് ആലഞ്ചേരിയും ചേർന്ന് മാർ ജോസഫ് പള്ളിക്കാപ്പറമ്പിലിനെ പൊന്നാടയണിയിച്ച് ആദരിച്ചു.

## വിശുദ്ധ ഫ്രാൻസിസ് അസീസ്സി വർഷം - തീർത്ഥാടന ദേവാലയങ്ങൾ

അസീസ്സിയിലെ വിശുദ്ധ ഫ്രാൻസീസിന്റെ 800-ാം മരണവാർഷികത്തോടനുബന്ധിച്ച് (1226-2026) ലിയോ പതിനാലാം മാർപാപ്പയുടെ നിർദേശപ്രകാരം വത്തിക്കാനിലെ അപ്പസ്തോലിക പെനിറ്റെൻഷ്യറി ഫ്രാൻസിസ്കൻ ജൂബിലി വർഷത്തിൽ - 2026 ജനുവരി 10 മുതൽ 2027 ജനുവരി 10 വരെ ദണ്ഡവിമോചനം പ്രഖ്യാപിച്ചിരിക്കുന്നു. വിശുദ്ധ ഫ്രാൻസീസിന്റെ ജീവിതത്തിലെ ദാരിദ്ര്യത്തിന്റെയും ആത്മീയതയുടെയും അനുസ്മണയിലൂടെ വിശ്വാസികൾക്ക് പാപപരിഹാരത്തിനും ആത്മീയനവീകരണത്തിനും ഇത് അവസരം നൽകുന്നു.

വിശുദ്ധ ഫ്രാൻസീസിന്റെ നാമധേയത്തിലുള്ള ഏതെങ്കിലും ദേവാലയത്തിലോ, ഫ്രാൻസിസ്കൻ സഭയുടെ കീഴിലുള്ള ഏതെങ്കിലും പള്ളിയിലോ തീർത്ഥാടനമായി പോകുന്നവർക്കും അവിടെ ഭക്തിപൂർവം പ്രാർത്ഥനകളിൽ പങ്കുചേരുന്നവർക്കും വിശുദ്ധന്റെ മരണവാർഷികത്തോട് അനുബന്ധിച്ചുള്ള പ്രത്യേക ആരാധനകളിലോ ഒക്ടോബർ മാസത്തെ ജപമാലയിലോ പങ്കുചേരുന്നവർക്കും വിശുദ്ധ ഫ്രാൻസിസിന്റെ ചൈതന്യം സ്വീകരിച്ച് ദിവസേന കാരുണ്യപ്രവൃത്തികളിൽ മുഴുകുന്നവർക്കും ദണ്ഡവിമോചനം ലഭിക്കും. ഈ ദണ്ഡവിമോചനം ലഭിക്കുന്നതിന് കുമ്പസാരം നടത്തി വിശുദ്ധ കുർബാന സ്വീകരിക്കേണ്ടതും മാർപാപ്പയുടെ നിയോഗങ്ങൾക്കായി പ്രാർത്ഥിക്കേണ്ടതുമാണ്. ശാരീരികാവസ്ഥമൂലം പുറത്തുപോകാൻ സാധിക്കാത്തവർക്ക് വീട്ടിലിരുന്ന് ജൂബിലി ആഘോഷങ്ങളിൽ ആത്മീയമായി പങ്കുചേരുകയും പ്രാർത്ഥനകളും സഹനങ്ങളും ദൈവത്തിന് സമർപ്പിക്കുകയും പാപമനോഭാവം ഉപേക്ഷിക്കുകയും ചെയ്താൽ ദണ്ഡവിമോചനം ലഭിക്കും. നമ്മുടെ അതിരൂപതയിൽ വിശുദ്ധ അസീസ്സിയുടെ നാമധേയത്തിലുള്ള ദേവാലയങ്ങൾ Ø rXnsN¿ p¶ Ø e§ Ä: **1) ആമ്പല്ലൂർ, 2) അത്താണി, 3) കാക്കനാട്**

## എറണാകുളം ലിസി ആശുപത്രിയിൽ 32-ാമത് ഹൃദയം മാറ്റി വയ്ക്കൽ ശസ്ത്രക്രിയ

മസ്തിഷ്ക മരണം സംഭവിച്ച കിളിമാനൂർ സ്വദേശി ജയി ജയകുമാറിന്റെ ഹൃദയം മലപ്പുറം സ്വദേശിയായ 15 വയസ്സുള്ള പെൺകുട്ടിക്ക് പുതുജീവ നേകി. ലിസി ആശുപത്രിയിൽ ഡോ. ജോസ് പെരിയപ്പുറത്തിന്റെ നേതൃത്വ ത്തിലായിരുന്നു ശസ്ത്രക്രിയ നടത്തിയത്. കുട്ടിക്ക് ഹൃദയ സംബന്ധമായ തകരാർ ഉണ്ടെന്ന് കണ്ടെത്തിയത് അഞ്ച് വർഷങ്ങൾക്കുമുമ്പാണ്. ഹൃദയ ത്തിന്റെ വലതുവശത്തെ അറകൾ ക്രമാതീതമായി വികസിക്കുന്ന അസുഖ മായിരുന്നു ഉണ്ടായിരുന്നത്. ഹൃദയം മാറ്റിവയ്ക്കലാണ് ഏകപോംവഴിയെന്ന് ഡോക്ടർമാർ പറഞ്ഞതിനെ തുടർന്നാണ് എറണാകുളം ലിസി ആശുപത്രി യിൽ എത്തിയത്. സംസ്ഥാന സർക്കാർ വാടകയ്ക്കെടുത്തിട്ടുള്ള ഹെലികോ പ്റ്ററിൽ മെഡിക്കൽ സംഘം ഉച്ചയ്ക്ക് 1.45-ന് തിരുവനന്തപുരത്തുനിന്നും ഹൃദയവുമായി പുറപ്പെട്ട് 2.40-ന് കൊച്ചി ബോൾഗാട്ടി ഗ്രാന്റ് ഹയാത്തിലെ ഹെലിപ്പാടിൽ എത്തിച്ചേരുകയും പൊലീസ് സേന ഒരുക്കിയ ഗ്രീൻ കോറി ഡോറിലൂടെ നാല് മിനിറ്റുകൊണ്ട് ലിസി ആശുപത്രിയിലെത്തിച്ച് ശസ്ത്ര ക്രിയ ആരംഭിക്കുകയും ചെയ്തു. 5.30 മുതൽ ഹൃദയം വീണ്ടും സ്പന്ദിച്ചു തുടങ്ങുകയും രാത്രി 9.00 മണിയോടെ ഡോക്ടർമാർ ശസ്ത്രക്രിയ പൂർത്തി യാക്കുകയും ചെയ്തു.

---

## അഭിനന്ദനങ്ങൾ!!!



ബാംഗ്ലൂർ ക്രൈസ്റ്റ് യൂണിവേഴ്സിറ്റി യിൽനിന്നും സിവിൽ ലോ-യിൽ ഡോക്ട റേറ്റ് കരസ്ഥമാക്കിയ **ബഹുമാനപ്പെട്ട തോമസ് തറയിൽ** അച്ചന് അതിരൂപത യുടെ അഭിനന്ദനങ്ങൾ!

Titlle of the Thesis: *THE LEGAL REGIME ON PROBATION OF OFFENDERS IN INDIA: A STUDY WITH SPECIAL REFERENCE TO THE STATE OF KERALA ABSTRACT*

# വിശ്വാസപരിശീലനകേന്ദ്രം

1. **പ്രധാനാധ്യാപകരുടെ നിയമനം:** പ്രധാനാധ്യാപകരുടെ കാലാവധി മൂന്ന് വർഷമാണ്. മൂന്നു വർഷം കഴിഞ്ഞ് പുതിയ പ്രധാനാധ്യാപകനെ/ പ്രധാനാധ്യാപികയെ നിയമിക്കുകയും ആ വിവരം അതിരൂപതാകേന്ദ്രത്തെ അറിയിക്കുകയും ചെയ്യണം. ഏതെങ്കിലും പ്രത്യേകസാഹചര്യത്തിൽ മാത്രമാണ് മൂന്ന് വർഷം തികഞ്ഞെങ്കിലും കാലാവധി നീട്ടിക്കൊടുക്കുന്നത്. അപ്രകാരം ചെയ്യുന്നുണ്ടെങ്കിൽ വികാരിയച്ചന്റെ സാക്ഷിപത്രത്തോടുകൂടി അക്കാര്യം അതിരൂപതാകേന്ദ്രത്തെ അറിയിക്കണം. ആറ് വർഷത്തിലധികം ഒരാൾ പ്രധാനാധ്യാപകൻ/ പ്രധാനാധ്യാപികയായി തുടരാൻ അനുവദിക്കുകയില്ല (വചനദീപം 2025-2026 പേജ് 99-100).

2. **പുതിയ അധ്യാപകരുടെ നിയമനം:** പുതിയ അധ്യാപകരായി നിയമിക്കപ്പെടുന്നവർ അതിരൂപതാകേന്ദ്രം നടത്തുന്ന അടിസ്ഥാനപരിശീലനപരിപാടിയിൽ നിർബന്ധമായി പങ്കെടുക്കണം. വിശ്വാസപരിശീലന രംഗത്തെ എല്ലാ മേഖലകളിലും (കുട്ടികളോടോപ്പം വിശുദ്ധ കുർബാനയിലും, അതിരൂപത, ഫൊറോന, ഇടവക ക്രമീകരിക്കുന്ന എല്ലാ പ്രവർത്തനതലങ്ങളിലും) പൂർണ്ണമായി സഹകരിക്കാൻ സന്നദ്ധതയുള്ള അധ്യാപകരെ നിയമിക്കാൻ വികാരിയച്ചന്മാർ പ്രത്യേകം ശ്രദ്ധിക്കുമല്ലൊ (വചനദീപം 2025-2026 പേജ് 99).

3. **ഡിപ്ലോമ റസിഡൻഷ്യൽ കോഴ്സ്:** ഒന്നാം വർഷ ഡിപ്ലോമ (Class XI) 2nd Session 2026 മെയ് 2, 3 (ശനി, ഞായർ) തീയതികളിലും, രണ്ടാം വർഷ ഡിപ്ലോമ (Class XII) 2nd Session 2026 മെയ് 16, 17 (ശനി, ഞായർ) തീയതികളിലും കലൂർ റിന്യൂവൽ സെന്ററിൽ നടത്തപ്പെടും. കോഴ്സിന്റെ അവസാന ദിവസം പരീക്ഷ ഉണ്ടാകും.

4. **Catechism Teachers Basic Orientation Course:** അതിരൂപതയിൽ വിശ്വാസപരിശീലന ശുശ്രൂഷയിൽ പങ്കാളികളാകുന്ന എല്ലാ അദ്ധ്യാപകരും അടിസ്ഥാനപരിശീലനം ലഭിച്ചവരാകണം. പുതിയതായി അദ്ധ്യാപന രംഗത്തേക്കു കടന്നുവരുന്നവരും ഇതുവരെ അതിരൂപത സംഘടിപ്പിച്ച അടിസ്ഥാന പരിശീലനക്ലാസ്സിൽ പങ്കെടുത്തിട്ടില്ലാത്തവരുമായവർ ഈ കോഴ്സിൽ പങ്കെടുക്കണം. മുഴുവൻ സമയവും പങ്കെടുത്താൽ മാത്രമേ സർട്ടിഫിക്കറ്റ് ലഭിക്കുകയുള്ളൂ. **2026 മെയ് 9, 10 തീയതികളിൽ Catechism Teachers Basic Orientation Course റിന്യൂവൽ സെന്ററിൽ Residential ആയി നടത്തപ്പെടുന്നു. പങ്കെടുക്കുന്ന അധ്യാപകരുടെ പേരുകൾ ഫൊറോന സെക്രട്ടറിമാരുടെ പക്കൽ 750 രൂപ ഫീസോടുകൂടി മുൻകൂട്ടി നൽകണം.**

5. **കാറ്റിക്കിസം ജനറൽ കൗൺസിലിന്റെയും പ്രധാനാധ്യാപകരുടെയും മീറ്റിങ്:** മെയ് 24-ാം തീയതി ഞായറാഴ്ച ജനറൽ കൗൺസിലിന്റെയും പ്രധാനാധ്യാപകരുടെയും മീറ്റിങ് രാവിലെ 10.00 am. മുതൽ 1.00 pm വരെ റിന്യൂവൽ സെന്ററിൽ നടത്തപ്പെടുന്നു.

6. **വിശ്വാസപരിശീലനവർഷം ഉദ്ഘാടനവും അവാർഡ് ദാനവും മെയ് 24 ഞായറാഴ്ച**: 2026–27 വിശ്വാസപരിശീലനവർഷം ഉദ്ഘാടനവും 2025–26 വിശ്വാസപരിശീലനവർഷത്തിൽ അതിരൂപതാതലത്തിൽ സമ്മാനാർഹരായ വർക്കുള്ള സമ്മാനദാനവും ഉച്ചകഴിഞ്ഞ് 2.00 pm. മുതൽ 4.30 pm വരെ റിന്യൂവൽ സെന്ററിൽ നടത്തപ്പെടുന്നു.

7. **XII-ാം ക്ലാസ്സ് അദ്ധ്യാപകരുടെ ട്രെയിനിങ് :** XII-ാം ക്ലാസ്സിലെ അധ്യാപകർക്കുള്ള ട്രെയിനിങ് പ്രോഗ്രാം (പുതിയ ടെക്സ്റ്റ് പരിചയപ്പെടുത്തൽ) **മെയ് 30-ാം തീയതി** ശനിയാഴ്ച 2.00 pm മുതൽ 5.00 pm വരെ നടത്തുന്നു.

8. **വിശ്വാസപരിശീലകരുടെ പ്രാർത്ഥനാദിനം: മെയ് 31-ാം** തീയതി ഫൊറോനകളുടെയോ ഇടവകയുടെയോ സാഹചര്യം കണക്കിലെടുത്ത് ഫൊറോനതലത്തിലോ ഇടവകതലത്തിലോ വിശ്വാസപരിശീലകരുടെ പ്രാർത്ഥനാദിനം ക്രമീകരിക്കാവുന്നതാണ്.

9. **വിശ്വാസപരിശീലനവർഷം ആരംഭം:** 2025 **ജൂൺ 7-ാം** തീയതി ഞായറാഴ്ച ഇടവകതലത്തിലുള്ള വിശ്വാസപരിശീലന ക്ലാസ്സുകളുടെ ആരംഭമാണ്.

10. **സന്മാർഗ്ഗബോധനവർഷം ഉദ്ഘാടനം :** സന്മാർഗ്ഗബോധന ക്ലാസ്സുകൾ നടത്തുന്ന സ്കൂളുകളിലെ പ്രധാനാദ്ധ്യാപകരുടെയും ആനിമേറ്റേഴ്സിന്റേയും യോഗവും സന്മാർഗ്ഗബോധന വർഷ ഉദ്ഘാടനവും **ജൂൺ 13** ശനിയാഴ്ച റിന്യൂവൽ സെന്ററിൽ നടത്തപ്പെടുന്നു.

**കാറ്റിക്കീസം വാർത്തകൾ:** വിശ്വാസ പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന കുട്ടികളെ വ്യക്തിപരമായി കേൾക്കുവാനും മാനസിക–ആത്മീയ തലങ്ങളിൽ സഹായിക്കുവാനുമായി കാറ്റക്കീസം ഡിപ്പാർട്ട്മെന്റിന്റെ അഭ്യർത്ഥനപ്രകാരം ചുണങ്ങംവേലിയിലെ Niveditha Institute-ന്റെ നേതൃത്വത്തിൽ Spiritual Mentor എന്ന Basic Training Course ഏപ്രിൽ 10, 11 തീയതികളിൽ നടത്തുകയുണ്ടായി. 39 പേർ Spiritual Mentor കോഴ്സിന്റെ ആദ്യ ബാച്ചിൽ പങ്കെടുത്ത് സർട്ടിഫിക്കറ്റ് സ്വീകരിച്ചു. അതിരൂപതാ വിശ്വാസപരിശീലന ഡയറക്ടർ ഫാ. പോൾ മോറേലി, അസി. ഡയറക്ടർ ഫാ. സച്ചിൻ മാമ്പുഴയ്ക്കൽ, Niveditha Institute- ലെ ഫാ. ജോസ് മണ്ടാനത്ത്, ഫാ. ജോപോൾ കിരിയാന്തൻ എന്നിവരുടെ സാന്നിധ്യത്തിൽ 9-ാം തീയതി രാവിലെ 9.30-ന് പ്രോഗ്രാം ഉദ്ഘാടനം ചെയ്യപ്പെട്ടു. പ്രോഗ്രാമിന്റെ സമാപനദിവസം അഭിവന്ദ്യ തോമസ് ചക്യത്ത് പിതാവ് കോഴ്സിൽ പങ്കെടുത്തവർക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയ്തു. Spiritual

Mentor ശുശ്രൂഷയുടെ ദൗത്യത്തേയും രഹസ്യാത്മകതയേയും ദ്യോതിപ്പിക്കുന്ന പ്രതിജ്ഞയോടെ 10-ാം തീയതി 4.00 മണിക്ക് ട്രെയ്നിങ് പ്രോഗ്രാം അവസാനിച്ചു. അടുത്ത ബാച്ചിന്റെ ട്രെയ്നിങ് പ്രോഗ്രാം മെയ് 29, 30 തീയതികളിലാണ്.



**പ്രധാനാദ്ധ്യാപക മീറ്റിങ്ങ്**

അതിരൂപതയുടെ മൂന്നു മേഖലകളിലായി പ്രധാനാദ്ധ്യാപകരുടെ സംഗമം നടത്തി. കാറ്റക്കീസം പ്രവർത്തനങ്ങളെ വിലയിരുത്തുകയും അടുത്ത വർഷത്തേക്കുള്ള നിർദ്ദേശങ്ങൾ സ്വീകരിക്കുകയും ചെയ്തു. ആദ്യ മീറ്റിങ്ങ് മാർച്ച് 20-ാം തീയതി റിന്യുവൽ സെന്ററിലും, രണ്ടാമത്തെ മീറ്റിങ്ങ് മാർച്ച് 22-ാം തീയതി മുട്ടം ഫൊറോനാ പള്ളിയിലും, മൂന്നാമത്തേത് മാർച്ച് 29-ാം തീയതി ഞായറാഴ്ച അങ്കമാലി സുബോധനയിലും നടത്തി.

**ബിബ്ലിയ ഫെസ്റ്റ് (IBC)**

ഈസ്റ്ററിനുശേഷം അതിരൂപതയുടെ ഇടവകകളിൽ കുട്ടികൾക്കുള്ള ഇന്റൻസീവ് ബൈബിൾ കോഴ്സ് ബിബ്ലിയ ഫെസ്റ്റ് ആഘോഷപൂർവ്വം നടത്തപ്പെടുകയുണ്ടായി. മുപ്പതാമത്തെ ഈ IBC-ക്ക് LP, UP, HS വിഭാഗങ്ങൾക്കായി Hope എന്ന വിഷയത്തെ ആസ്പദമാക്കി പ്രത്യേകം ബുക്കുകളും, മൂന്ന് പുതിയ ആക്ഷൻ സോങ്ങുകളും പ്രസിദ്ധീകരിക്കുകയുണ്ടായി. ഫാ. നിഖിൽ പടയാട്ടിയും ഫാ. ജോസ് വടക്കനുമാണ് ആക്ഷൻ സോങ്ങുകൾ രചിച്ചത്.

**ഫാ. പോൾ മോറേലി**
**ഡയറക്ടർ**

# ഫാമിലി അപ്പോസ്തലേറ്റ്

## വിവാഹ ഒരുക്ക ധ്യാനം (MPR)

| | |
|---|---|
| മെയ് 04-06 (കലൂർ) | ജൂൺ 08-10 (കലൂർ) |
| മെയ് 12-14 (കാലടി) | ജൂൺ 16-18 (കാലടി) |
| മെയ് 18-20 (കലൂർ) | ജൂൺ 23-25 (കാലടി) |
| മെയ് 26-28 (കാലടി) | ജൂൺ 30-02 (കാലടി) |

NB: വിവാഹ ഒരുക്ക ധ്യാനം ബുക്ക് ചെയ്യാൻ www.jeevalaya.org സന്ദർശിക്കുക.

## ദമ്പതി ധ്യാനം (Contact Number - 8078334522)

മെയ് 08-10 (20 ദമ്പതികൾക്ക് മാത്രം)

## ബേബിഷൈൻ ധ്യാനം (Contact Number - 8078334522)

മെയ് 15-17 (20 ദമ്പതികൾക്ക് മാത്രം)

## ദമ്പതീ സെമിനാർ

മെയ് 17 - ചൂണ്ടി

## ടീച്ചേഴ്സ് ട്രെയ്നിംഗ് സെമിനാർ

മെയ് 19 - ആയത്തുപടി

## സിംഗിൾ പേരൻറിംഗ് ധ്യാനം (Contact Number -9400929111)

മെയ് 22-24

## ഫൊറോന കുടുംബപ്രേഷിത ഫോറം യോഗം (FFAFM)

മെയ് 03 - കൊരട്ടി, കറുകുറ്റി, അങ്കമാലി
മെയ് 10 - മഞ്ഞപ്ര, മൂഴിക്കുളം, മൂക്കന്നൂർ, വല്ലം
മെയ് 17 - കാഞ്ഞൂർ, കിഴക്കമ്പലം, എറണാകുളം
മെയ് 24 - ഇടപ്പള്ളി, തൃപ്പൂണിത്തുറ, പറവൂർ
മെയ് 31 - വൈക്കം, പള്ളിപ്പുറം, ചേർത്തല

## യുവജന സെമിനാർ

മെയ് 31 - മുരിങ്ങൂർ

## മാർച്ച് - ഏപ്രിൽ മാസങ്ങളിൽ നടത്തിയ ശുശ്രൂഷകൾ

കൗൺസിലിംഗ്: കാലടി ജീവാലയ, കലൂർ റിന്യൂവൽ സെന്റർ ഓഫീസ്, വൈക്കം ഓഫീസ് കൂടാതെ ഓൺലൈൻ വഴിയായായും 60 പേർ കൺസിലിംഗ് സൗകര്യം ഉപയോഗിച്ചു.

ദമ്പതി ധ്യാനം: രണ്ട് ദമ്പതി ധ്യാനങ്ങളിലായി 50 ദമ്പതികൾ പങ്കെടുത്തു. വിവാഹ ഒരുക്ക ധ്യാനം: ജീവാലയയിലും കലൂരുമായി നടന്ന 7 വിവാഹ ഒരുക്ക ധ്യാനത്തിലായി 514 വിവാഹാർത്ഥികൾ പങ്കെടുത്തു. 709 ഓളം മാതാപിതാക്കൾ വിവാഹ ഒരുക്കത്തിന്റെ മാതാപിതാക്കൾക്കുള്ള സെമിനാറിൽ പങ്കെടുത്തു.

അനുയാത്ര: അനുയാത്ര എന്ന ഓൺലൈൻ തുടർപരിശീലന പ്രോഗ്രാമിൽ 22 പേർ പങ്കെടുത്തു.

ടീൻ ഫെസ്റ്റ്: കൗമാര പ്രായക്കാർക്കൊരുക്കിയ 'ടീൻ ഫെസ്റ്റിൽ' 25 ഓളം കുട്ടികൾ പങ്കെടുത്തു. അവരുടെ മാതാപിതാക്കൾക്കായി നടത്തിയ സെമിനാറിലും 25 പേരോളം പങ്കുചേർന്നു.

ഇടവക വാർഷിക ധ്യാനം: രണ്ട് ഇടവകകളിൽ (പല്ലംതുരുത്ത്, ആന്റോപുരം) വാർഷിക ധ്യാനം നടത്തി.

വയോജന സെമിനാർ: ആയത്തുപടി ഇടവകയിൽ സീനിയർ സിറ്റിസൺസിനായി ഒരു സെമിനാർ നടത്തി, 250-ൽ അധികം ആളുകൾ പങ്കാളികളായിരുന്നു.

സൺഷൈൻ ധ്യാനം: കാലടി ജീവാലയയിൽ 65 വയസ്സിനു മുകളിൽ പ്രായമുള്ള ദമ്പതികൾക്കായി നടത്തിയ ധ്യാനത്തിൽ 16 പേർ പങ്കെടുത്തു.

റിസോഴ്സ് ട്രെയിനിംഗ്: യൂദിത് ഫോറം മിനിസ്ട്രിയുടെ ഭാഗമായി വിധവകളെ ശാക്തീകരിക്കുന്നതിനു വേണ്ടി ഒരു റിസോഴ്സ് ട്രെയിനിംഗ് പ്രോഗ്രാം കാലടി ജീവാലയയിൽ നടത്തി. പല രൂപതകളിൽ നിന്നായി ഏകദേശം 40 പേർ പങ്കെടുത്തു.

ഏകദിന തുടർപരിശീലന പരിപാടി: യൂദിത് ഷൈൻ ധ്യാനത്തിൽ സംബന്ധിച്ചിട്ടുള്ള സഹോദരിമാർക്കായി ഒരു ഏകദിന തുടർപരിശീലന പരിപാടി സംഘടിപ്പിച്ചു. 120-നടുത്ത് സഹോദരിമാർ ഇതിൽ പങ്കെടുത്തു.

ഗ്രേസ് റിപ്പിൾസ് ദമ്പതി സംഗമം: ഗ്രേസ് റിപ്പിൾസ് ദമ്പതി പരിശീലന പരിപാടിയിൽ സംബന്ധിക്കുന്ന ദമ്പതികളുടെ ഒരു ദമ്പതി സംഗമം നടത്തി ഏകദേശം 200 പേർ പങ്കെടുത്തു.

**ഫാ. ജോസഫ് മണവാളൻ**
**ഡയറക്ടർ**

# സഹൃദയ ഏർലി ഇന്റർവെൻഷൻ & എംപവർമെന്റ് കേന്ദ്ര - സീക്, ആലുവ



എറണാകുളം-അങ്കമാലി അതിരൂപതാ സാമൂഹ്യ പ്രവർത്തന വിഭാഗമായ സഹൃദയയുടെ ആഭിമുഖ്യത്തിൽ ശിശുക്കളിലെ വളർച്ചാ വെല്ലുവിളികൾ തുടക്കത്തിലേ കണ്ടെത്തുവാനും അനുയോജ്യ തെറാപ്പികളിലൂടെ ഭേദമാക്കാനും ലക്ഷ്യമിട്ട് ചെങ്ങമനാട് പുറയാറിൽ സഹൃദയ ഏർലി ഇന്റർവെൻഷൻ ആൻഡ് എംപവർമെൻറ് കേന്ദ്ര- ചൈൽഡ് ഡവലപ്മെന്റ് സെന്റർ (സീക്) പ്രവർത്തനമാരംഭിച്ചു.

ജനനം മുതൽ 6 വയസുവരെ പ്രായത്തിനുള്ളിൽ കുഞ്ഞുങ്ങളുടെ വളർച്ച യിലുണ്ടാകുന്ന വെല്ലുവിളികൾ, കാലവിളംബം എന്നിവ കണ്ടെത്തി അനു യോജ്യമായ ഫിസിയോ, ഒക്കുപ്പേഷണൽ, സെൻസറി, സ്പീച്ച്, ഓഡിയോ, ഗാമിഫൈഡ്, സ്പെഷ്യൽ തെറാപ്പികളിലൂടെ സാധാരണ നിലയിലേക്ക് ക്രമപ്പെടുത്തുന്നതിനുള്ള സൗകര്യങ്ങളാണ് സഹൃദയ വജ്രജൂബിലി സ്മാരകമായി നിർമിച്ച ഈ സ്ഥാപനം ലക്ഷ്യമിടുന്നത്. ഭിന്നശേഷിക്കാർ ക്കുള്ള തൊഴിലധിഷ്ഠിത പരിശീലനങ്ങൾ, സാമൂഹ്യാധിഷ്ഠിത പുനരധി വാസ പദ്ധതി പ്രവർത്തനങ്ങളുടെ സംഘാടനം, ചികിത്സാർത്ഥം താമസി ക്കുന്നതിനുള്ള സൗകര്യം, സാധാരണക്കാർക്ക് മിതമായ നിരക്കിൽ നവീന സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തി ശാസ്ത്രീയ ചികിത്സയിൽ പ്രാവീണ്യമുള്ളവരും പരിചയസമ്പന്നരുമായവരുടെ സേവനം എന്നിവയും ചൈൽഡ് ഡവലപ്മെന്റ് സെന്ററിൽ ലഭ്യമാണ്.

ഫോൺ: 90619 12233
E-mail: sahrudaya.seekcdc@gmail.com
Website: www.sahrudaya.seekcdc.org

# സഹൃദയ
(അതിരൂപതാ സാമൂഹ്യപ്രവർത്തന വിഭാഗം)

## ആശ്വാസ് ഇൻഷുറൻസ് പ്രാബല്യത്തിലായി

കേന്ദ്രസർക്കാർ സ്ഥാപനമായ ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനിയുടെ സഹകരണത്തോടെ സഹൃദയ നടപ്പാക്കുന്ന ആശ്വാസ് ഇൻഷുറൻസ് - 2026 പദ്ധതി ഏപ്രിൽ 27 മുതൽ പ്രാബല്യത്തിലായി. പദ്ധതിയിൽ അംഗങ്ങളെ ചേർക്കുവാൻ സഹകരിച്ച ബഹു. വികാരിയച്ചന്മാർക്കും മറ്റെല്ലാവർക്കും നന്ദി.

## സഹൃദയ ഏർലി ഇന്റർവെൻഷൻ ആൻഡ് എംപവർമെൻറ് കേന്ദ്ര

കുട്ടികളിലെ വളർച്ച വെല്ലുവിളികൾ ശൈശവത്തിൽ കണ്ടെത്തി തെറാപ്പികളിലൂടെ പരിഹരിക്കുന്നതിനായി സ്ഥാപിതമായ ആലുവ സീക് സെന്ററിൽ ഒക്കുപ്പേഷണൽ, സ്പീച്ച്, ഫിസിയോ, ബിഹേവിയറൽ തെറാപ്പികൾ ആരംഭിച്ചിരിക്കുന്നു. മുൻകൂട്ടി ബുക്ക് ചെയ്യുന്നതിന് 9061912233.

## കൗൺസിലിംഗ്

പൊന്നുരുന്നി 'ഇടം കൗൺസിലിംഗ് സെന്ററിൽ' കൗൺസിലിംഗ് സേവനങ്ങൾ ലഭ്യമാണ്. വൈക്കം വെൽഫെയർ സെന്ററിൽ എല്ലാ വെള്ളിയാഴ്ചകളിലും കൗൺസിലിംഗ് സേവനം ലഭിക്കുന്നു. ബുക്കിംഗിന് 9847610707.

## സ്ത്രീ ശാക്തീകരണ പദ്ധതി

സംരംഭകർക്ക് തൊഴിലുപകരണങ്ങൾ വിതരണം ചെയ്തു.

ഇറ്റാലിയൻ ബിഷപ്സ് കോൺഫറൻസിന്റെ സഹകരണത്തോടെ സഹൃദയ അഞ്ച് റീജിയനുകളിൽ നടപ്പിലാക്കിയ തയ്യൽ, ബേക്കിംഗ് മേഖലകളിലെ സംരംഭകത്വ വികസന പരിപാടി വിജയകരമായി പൂർത്തിയാക്കിയ സംരഭകർക്ക് സംരംഭം തുടങ്ങുന്നതിനും വിപുലീകരിക്കുന്നതിനുമുള്ള പവർ മെഷീൻ, വണ്ടർ സ്റ്റിച്ച് മെഷിൻ, അംബ്രല മെഷീൻ, ഓവൻ, ബീറ്റർ തുടങ്ങിയ തൊഴിലുപകരണങ്ങളുടെ വിതരണം നടത്തി. 45 ഗുണഭോക്താക്കൾ പദ്ധതിക്ക് അർഹരായി.

## ഇൻക്ലൂസിസ് പദ്ധതി- ലാപ്ടോപ്പ് വിതരണം

ന്യൂറോ ഡൈവർജന്റ് ആയ വ്യക്തികൾക്ക് ഐ.ടി. പരിശീലനം നൽകി തൊഴിൽ ലഭ്യമാക്കുന്ന ഇൻക്ലൂസിസ് പദ്ധതിയിൽ സ്കില്ലിംഗ് പരിശീലനം നൽകുന്നതിനായി സെല്ലിസ് ഗ്രൂപ്പ് സഹൃദയയ്ക്ക് ലാപ്ടോപ്പുകൾ സംഭാവന ചെയ്തു.

## ഉഷ സിലായ് സർട്ടിഫിക്കറ്റ് വിതരണം

പറവൂർ മേഖലയിൽ ഉഷ സിലായ് തയ്യൽപരിശീലനം വിജയകരമായി പൂർത്തിയാക്കിയവർക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

## സ്പർശൻ ഫെഡറേഷൻ

ഭിന്നശേഷിക്കാർക്കായി സഹൃദയ സംഘടിപ്പിച്ചിട്ടുള്ള കൂട്ടായ്മയായ സ്പർശൻ ഫെഡറേഷന്റെ യോഗം സുബോധനയിൽ നടത്തി.

## വിദ്യാദർശൻ പഠനയാത്ര

നിർധന വിദ്യാർത്ഥികളുടെ പഠന, വ്യക്തിത്വ വികാസത്തിനായി സഹൃദയ നടപ്പാക്കുന്ന വിദ്യാദർശൻ പദ്ധതി അംഗങ്ങൾക്കായി ഏകദിന വിനോദയാത്ര, അവധിക്കാല ആഭരണനിർമാണ പരിശീലനം എന്നിവ സംഘടിപ്പിച്ചു.

## ജെ എൽ ജി ഓഡിറ്റിംഗ്

സഹൃദയ വെസ്കോ ക്രെഡിറ്റും ഫെഡറൽ ബാങ്കുമായി സഹകരിച്ച് നടപ്പാക്കുന്ന ജെഎൽജികളുടെ ഓഡിറ്റിംഗ് ഫെഡറൽ ബാങ്ക് ഓഡിറ്ററുടെ നേതൃത്വത്തിൽ പറവൂർ, ഞാറക്കൽ, തൃപ്പൂണിത്തുറ ബ്രാഞ്ചുകളിൽ സംഘടിപ്പിച്ചു.

## സ്വയം തൊഴിൽ വായ്പ

3 സഹൃദയ സംഘങ്ങൾ വഴി ഏപ്രിൽ മാസത്തിൽ 240000 രൂപ സ്വയം തൊഴിൽ വായ്പയായി വിതരണം ചെയ്തു. 15 ജെഎൽജികൾ വഴി ഏപ്രിൽ മാസത്തിൽ 74,63,000 രൂപ സ്വയം തൊഴിൽ വായ്പയായി വിതരണം ചെയ്തു

## സൗജന്യ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു

കോടനാട് വില്ലേജിൽ സഹൃദയ ഫെഡറേഷന്റെയും സി.എൽ.സി. സംഘടനയുടെയും നേതൃത്വത്തിൽ പെരുമ്പാവൂർ സാൻജോ ആശുപത്രിയുടെ സഹകരണത്തോടെ സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തി.

## എസ് ഡബ്ല്യു സി ബിസി ലോൺ – സ്റ്റാഫ് ട്രെയിനിങ് സംഘടിപ്പിച്ചു

ഫെഡറൽ ബാങ്ക് മറൈൻഡ്രൈവ് ബ്രാഞ്ചിന്റെയും സഹൃദയ വെസ്കോ ക്രെഡിറ്റിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ സഹയോഗ് എന്ന ആപ്പിനെ കുറിച്ച് സ്റ്റാഫ് സോഫ്റ്റ് ട്രെയിനിങ് സംഘടിപ്പിച്ചു.

## ഫാസ്റ്റ്ഫുഡ് പരിശീലനം ആരംഭിച്ചു

സഹൃദയ, ഗ്രാമീണ സ്വയം തൊഴിൽ പരിശീലന കേന്ദ്രമായ കോട്ടയം RSETI

യുമായി സഹകരിച്ച് ചെമ്മനത്തുകര സെന്റ് ആൻറണീസ് പള്ളിയിൽ വച്ച് 12 ദിവസം നീണ്ടു നിൽക്കുന്ന ഫാസ്റ്റ്ഫുഡ് ലഘു ഉദ്യമി എന്ന പരിശീലപരിപാടി സംഘടിപ്പിച്ചു..

### ഇടം കൗൺസിലിംഗ് ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു

സഹൃദയ വീ-ഗാർഡുമായി സഹകരിച്ച് സ്ത്രീകൾക്കായി ഒരുക്കുന്ന ‘ഇടം‘ സൗജന്യ കൗൺസിലിംഗ് സെന്റർ പദ്ധതിയുടെ ഭാഗമായി തൃപ്പൂണിത്തുറ സെന്റ് മേരീസ് പള്ളിഹാളിൽ ക്ലാസ്സ് സംഘടിപ്പിച്ചു.

| | |
|---|---|
| മെയ് 16 | വിദ്യാദർശൻ അംഗങ്ങൾക്കുള്ള പഠനോപകരണ വിതരണം - ചേർത്തല |
| മെയ് 23 | സഹൃദയ കുടുംബസംഗമം - പൊന്നുരുന്നി |

**ഫാ. ആൻറണി പുതിയാപറമ്പിൽ**
**ഡയറക്ടർ**

---

# നൈപുണ്യ ഇന്റർനാഷണൽ

### 1) NAIPUNNYA INTERNATIONAL, CORPORATE OFFICE

**Contact: 9446339966, 0484-2381947**

**Study Programs**

- Kick-start your nursing career in Germany!
  Study B2 level German in **Germany** and fast-track your admission into the ***Ausbildung*** program.
- Applications are now open for the September 2026 intake in **Ireland** and other leading **European destinations**.
- Study in **Malta**- Applications are open for the 2026 intake.
- New **IELTS** and **NICE (Naipunnya International Communicative English)** offline batches commence every Monday this May.

### 2) NAIPUNNYA ACADEMY, RENEWAL CENTRE, KALOOR

**Contact: 9072919144**

- **Italian** (A1 A2) Offline batch starts May 4th.
- **French** (A1) Online batch starts May 4th.

- **Spanish** (A1 A2) Online batch starts May 4th.
- Tuition classes are starting for classes 8,9,10,11 and 12.
- Admissions are now open for Civil Service Regular, Sunday, Evening and Foundation 2026-27 batches.
- For Civil Service Outreach Programs please contact the office.

## 3) NAIPUNNYA ACADEMY, THRIKKAKARA

**Contact: 9544919133, 9947349966**

- **UGC NET/JRF** PAPER I & PAPER II – Offline & Online batch for 2026 JUNE exam. (Admissions now open for May batch).
- **BANK (IBPS, PO, CLERK, SO)** – Offline (New batch starts every Monday this May).
- **SSC (CGL, CHSL, MTS)** – Offline (New batch starts every Monday this May).
- **CUET (Common University Entrance Test)** – Online & Offline regular batches (Admission are now open for May batch).
- **RAILWAY RECRUITMENT BOARD**
  Graduate level (New batch starts every Monday this May).
  Undergraduate level (New batch starts every Monday this May).
- **C MAT, K-MAT** Offline (Admissions are now open for next exam).
- **IELTS, PTE & COMMUNICATIVE ENGLISH** new Offline & Online batches starts every Monday this May.

## 4) NAIPUNNYA INTERNATIONAL, L.F. CAMPUS, ANGAMALY

**Contact: 9544919155, 9633338433**

- **IELTS, PTE & NICE (Naipunnya International Communicative English)** New Offline batches commence every Monday this May. Reserve your seat and get started.

## 5) NAIPUNNYA INTERNATIONAL, PALA

**Contact: 9947855132, 0482-2201546**

- Expert Guidance for Overseas Education and Counselling.

**Fr. Juby Joy Kalathiparambil**
**Director**

എറണാകുളം
# ചിറ്റൂർ ധ്യാനകേന്ദ്രം
സ്നേഹശുശ്രൂഷാലയം

*'നിങ്ങൾ എന്നിൽ വസിക്കുവിൻ; ഞാൻ നിങ്ങളിലും വസിക്കും.' (യോഹ 15:4)*

## 2026 മെയ് മാസത്തെ ആത്മീയശുശ്രൂഷകൾ

### ആന്തരികസൗഖ്യധ്യാനം (Inner Healing Retreat)

മെയ് 1 വെള്ളി 5.00 pm – 6 ബുധൻ 8.00 am
മെയ് 29 വെള്ളി 5.00 pm – ജൂൺ 3 ബുധൻ 8.00 am

### യുവജനധ്യാനം – ഗ്രാന്റ് എബൈഡ് 4 (100th Abide)

മെയ് 23 ശനി 9 am – 28 വ്യാഴം 8 am

### ഏകദിന യുവജന കൺവെൻഷൻ (Abide Power Conference)

മെയ് 9 ശനി 9 am – 3 pm

### മാസാദ്യവെള്ളി കൺവെൻഷൻ (First Friday Convention)

മെയ് 1 വെള്ളി 9 am – 3 pm

### ഏകദിനധ്യാനം (One Day Retreat)

മാസാദ്യവെള്ളി ഒഴികെ മറ്റെല്ലാ വെള്ളിയാഴ്ചകളിലും 9.00 am - 3.00 pm

### സിസ്റ്റേഴ്സിനുള്ള ധ്യാനം

മെയ് 8 വെള്ളി 5.00 pm – 13 ബുധൻ 8.00 am

### പന്തക്കുസ്താനുഭവ ധ്യാനം

മെയ് 15 വെള്ളി 5.00 pm – 20 ബുധൻ 8.00 am

### Abide Night Vigil (എബൈഡ് യുവജനങ്ങൾക്കായി)

എല്ലാ ശനിയാഴ്ചകളിലും 6.30 pm - 9.30 pm

### ജാഗരണപ്രാർത്ഥന (Night Vigil)

എല്ലാ വെള്ളിയാഴ്ചയും 9.30 pm - ശനി 1.00 am

☞ കുമ്പസാരം, കൗൺസിലിങ് – എല്ലാ ദിവസവും സൗകര്യമുണ്ടായിരിക്കും.

☞ മധ്യസ്ഥ പ്രാർത്ഥന 24 മണിക്കൂറും ഉണ്ടായിരിക്കും.

ധ്യാനം ബുക്ക് ചെയ്യാനായി: Phone: 9446040508, 8606740508, 0484 2432508
Website: www.chittoorretreatcentre.org

**ഫാ. ജോസ് പുതിയേടത്ത്**
**ഡയറക്ടർ**

# സുബോധന

## റീജിയണൽ പാസ്റ്ററൽ സെന്റർ, അങ്കമാലി

### മെയ് മാസത്തെ പരിപാടികൾ

**മെയ് 09: സെമിനാർ**

വിശുദ്ധ ഫ്രാൻസിസ് അസീസിയുടെ മരണത്തിന്റെ 800-ാം വാർഷികത്തോടനുബന്ധിച്ച് പ്രഖ്യാപിച്ചിരിക്കുന്ന പ്രത്യേക വർഷത്തിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന സെമിനാർ.

ഫ്രാൻസിസ് എന്ന ഉപമ: റവ. ഫാ. ഷാജി കരിംപ്ലാനിൽ കപ്പൂച്ചിൻ

സമയം: ഉച്ചകഴിഞ്ഞ് 02.30 മുതൽ 4.15 വരെ

**മെയ് 11–15: Basic Video Editing Course - Second Batch**

Subodhana, in collaboration with Ekam TV, is organizing a Video Editing Course.

Resource Person: Rev. Fr. Sajo Padayatty

Venue: Carlo Studio, Social Welfare Centre, Kalamassery (Near St. Joseph Church)

Time: 10.00 a.m. - 12.30 p.m. • Fee: Rs. 3000/-

Eligibility: Basic computer knowledge

Requirements: Laptop (i5/Ryzen 5 or above), 16GB RAM, 512GB SSD, preferred GPU; mouse, headphones, notebook and pen.

Software: Adobe Premiere Pro (pre-installed) (installation support available if required)

Registration: +91 7510755502 | +91 9497665335

**മെയ് 18 തിങ്കൾ മുതൽ 22 വെള്ളി വരെ:**

സഭാപിതാക്കന്മാരെക്കുറിച്ചുള്ള പഠനം (Patrology)

“സഭാപിതാക്കന്മാർ: വിശുദ്ധിയിലൂടെയും കാലാതീത ജ്ഞാനത്തിലൂടെയും സഭയ്ക്ക് ദിശാബോധം നൽകിയവർ” വിശുദ്ധിയും വിശ്വാസവും കൈവിടാതെ കാലവും സാഹചര്യങ്ങളും ഉയർത്തിയ വെല്ലുവിളികളെ അതിജീവിച്ച സഭാപിതാക്കന്മാരുടെ ദർശനങ്ങൾ, തിരുസഭയുടെ ദിശാനിർണ്ണയത്തിൽ വഹിക്കുന്ന പങ്കിനെക്കുറിച്ചുള്ള ഒരു വിശകലനാത്മക പഠനവും ചർച്ചയും.

ക്ലാസുകൾ നയിക്കുന്നത്: ഫാ. ഡിനോ മാണിക്കത്താൻ

സമയം: വൈകിട്ട് 06.00 മുതൽ 7.30 വരെ

## മെയ് 24: വിദ്യാർത്ഥികൾക്കായുള്ള സെമിനാർ

പുതിയ അധ്യയന വർഷത്തിലേക്ക് പ്രവേശിക്കുന്ന എട്ടാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്കുവേണ്ടി

ചിന്തിച്ച് ക്ലിക്ക് ചെയ്യാം: സുരക്ഷിതമായ ഡിജിറ്റൽ ശീലങ്ങൾ വിദ്യാർത്ഥികൾക്കായി (Think Before You Click: Digital Behavior & Cyber Safety for Students):

Dr. Hena N N (Psychologist, Consultant Project coordinator Niveditha)

സമയം: ഉച്ചകഴിഞ്ഞ് 02.30 മുതൽ വൈകിട്ട് 4.15 വരെ

## മെയ് 28: സത്സംഘം

ഗർഭനിരോധന മാർഗ്ഗങ്ങളുടെ ധാർമ്മികതയും അവ ഉയർത്തുന്ന അജപാലനപരമായ ചോദ്യങ്ങളും. വരൂ... സംസാരിക്കാം...

സമയം: വൈകിട്ട് 06.00 മുതൽ 8.00 വരെ

**ഫാ. ജോസഫ് പാത്താടൻ**
**ഡയറക്ടർ**



# ഇവാഞ്ചലൈസേഷൻ ഡിപ്പാർട്ടുമെന്റ്

## നോമ്പുകാല ധ്യാനങ്ങൾ

നമ്മുടെ ഇടവകകളിൽ ആത്മീയ ഉണർവും നവീകരണവും നിലനിർത്തുക എന്ന ലക്ഷ്യത്തോടു കൂടി അതിരൂപതാ ഇവാഞ്ചലൈസേഷൻ വിഭാഗം കാലാനുസൃതമായ വിവിധ ധ്യാനങ്ങൾ സംഘടിപ്പിച്ചു. നോമ്പിനോട് അനുബന്ധിച്ച് ഇൻഫന്റ് ജീസസ് ചർച്ച് , കാഞ്ഞൂർ കിഴക്കുംഭാഗം (മാർച്ച് 16-18), സെന്റ് മേരീസ് ചർച്ച്, അയ്യമ്പുഴ (മാർച്ച് 17-19), സെന്റ് തോമസ് ചർച്ച്, വരാപ്പുഴ (മാർച്ച് 20-22), സെന്റ് റീത്താസ് ചർച്ച്, ചെമ്പന്നൂർ (മാർച്ച് 23-25), ഹോളി ഫാമിലി ചർച്ച്, മങ്കുഴി (മാർച്ച് 26-28), ഇൻഫന്റ് ജീസസ് ചർച്ച്, ഇരുമ്പനം (മാർച്ച് 26-28), സെന്റ് തോമസ് ചർച്ച്, ഒലിവ് മൗണ്ട് (മാർച്ച് 30 - ഏപ്രിൽ 1) സെന്റ് ജോസഫ് ചർച്ച്, സാൻജോപുരം (മാർച്ച് 30-ഏപ്രിൽ 1) എന്നീ ഇടവകകളിൽ നോമ്പുകാല ധ്യാനങ്ങൾ നടത്തി.

## ഓൺലൈൻ ധ്യാനങ്ങൾ

വിവിധ കാരണങ്ങളാൽ ഇടവക നോമ്പുകാല ധ്യാനങ്ങളിൽ പങ്കെടുക്കാൻ കഴിയാതെ പോയവർക്കു വേണ്ടി ഏകം യൂ ട്യൂബ് ചാനലിലൂടെ മാർച്ച് 30, 31, ഏപ്രിൽ 1 തീയതികളിൽ ഓൺലൈൻ നോമ്പുകാല ധ്യാനം നടത്തി. ഫാ. ജേക്കബ് മഞ്ഞളി, ഫാ. ജോസഫ് താമരവെളി, ഫാ. ജോസ് പുതിയേടത്ത് ഫാ. ജസ്റ്റിൻ കൈപ്രംപാടൻ എന്നിവർ ഓൺലൈൻ ധ്യാനങ്ങൾക്ക് നേതൃത്വം നൽകി. ഏകദേശം അയ്യായിരത്തിലേറെപേർ ധ്യാനത്തിൽ പങ്കെടുത്ത് നോമ്പിന്റെ ചൈതന്യം നേടുകയുണ്ടായി.

## ഉണർവ് 2026

നമ്മുടെ ഇടവകകളിലെ ആനന്ദത്തിന്റെയും അനുഗ്രഹത്തിന്റെയും അവസരങ്ങളായ തിരുനാളുകൾ കൂടുതൽ ആത്മീയ ഉണർവുള്ളതും അനുഗ്രഹപ്രദവുമാക്കുക എന്ന ലക്ഷ്യത്തോടുകൂടി നമ്മുടെ അതിരൂപതയുടെ ഇവാഞ്ചലൈസേഷൻ ടീം വിവിധ ഇടവകകളിൽ തിരുനാൾ ഒരുക്ക ധ്യാനം 'ഉണർവ് 2026' സംഘടിപ്പിക്കുന്നു. ഏപ്രിൽ 17, 18, 19 തീയതികളിൽ ചൊവ്വര സെന്റ് മേരീസ് ഇടവകയിൽ നടന്ന ധ്യാനം ഇടവക ജനത്തിന് ആത്മീയ ഉണർവ് നൽകി.

## Chris - Rejoice

യുവതലമുറയിൽ ദൈവവിശ്വാസത്തിന്റെയും കൂദാശകളുടെയും പ്രാധാന്യം കുറഞ്ഞു വരുന്ന ഈ കാലഘട്ടത്തിൽ, ദൈവപിതാവുമായുള്ള അനുരഞ്ജനത്തിന്റെ ആവശ്യകതയും അനുരഞ്ജന കൂദാശയുടെ ആത്മീയമാനങ്ങളും മനസ്സിലാക്കി, നല്ലൊരു തിരിച്ചറിവിലേക്ക് യുവാക്കളെ എത്തിക്കാനും ശരിയായ ഒരുക്കത്തോടെ അനുരഞ്ജന കൂദാശ

സ്വീകരിക്കാനും നമ്മുടെ യുവജനത്തെ പ്രാപ്തരാക്കുക എന്ന ഉദ്ദേശത്തോടു കൂടി ഇവാഞ്ചലൈസേഷൻ ടീം നമ്മുടെ ഇടവകകളിൽ ഒരു അനുരഞ്ജന അനുഭവ സായാഹ്ന ധ്യാനം ഒരുക്കുന്നു. കുമ്പസാരത്തെ സംബന്ധിച്ചുള്ള യുവജനങ്ങളുടെ സംശയങ്ങൾ ദുരീകരിച്ച്, നല്ല ബോധ്യങ്ങൾ നൽകി, വ്യത്യസ്തമായൊരു അനുരഞ്ജന അനുഭവം അവർക്കു നൽകാൻ ഉതകുന്ന വിധത്തിൽ കുമ്പസാരം, തുടർന്ന് സൗഖ്യാരാധന, സ്നേഹവിരുന്ന് എന്നീ രീതിയിലാണ് Chris Rejoice ക്രമീകരിച്ചിരിക്കുന്നത്. ആദ്യ ധ്യാനം ലിറ്റിൽ ഫ്ളവർ ചർച്ച്, കവരപ്പറമ്പിൽ നോമ്പ് കാലത്ത് ആരംഭിച്ചു.

**ഫാ. റിജു ആന്റണി വെളിയിൽ**
**ഡയറക്ടർ**

---

# ബൈബിൾ അപ്പോസ്റ്റലേറ്റ്

## ലോഗോസ് ക്വിസ് സിൽവർ ജൂബിലി

ലോഗോസ് ക്വിസിന്റെ സിൽവർ ജൂബിലി ആഘോഷം ഏപ്രിൽ 18 ശനിയാഴ്ച പി.ഒ.സി. യിൽ നടത്തി. കഴിഞ്ഞ 25 വർഷവും തുടർച്ചയായി ലോഗോസ് ക്വിസിൽ പങ്കെടുത്ത അതിരൂപതയിലെ അംഗങ്ങളെ ചടങ്ങിൽ ആദരിച്ചു. 35 പേരാണ് ആദരവ് ഏറ്റുവാങ്ങിയത്. കഴിഞ്ഞ വർഷങ്ങളിൽ ഏറ്റവും കൂടുതൽ മത്സരാർത്ഥികളെ പങ്കെടുപ്പിക്കാൻ എറണാകുളം-അങ്കമാലി അതിരൂപതക്ക് സാധിച്ചത് വളരെ അഭിമാനകരമായ നേട്ടമാണ്.

## ലോഗോസ് ക്വിസ് 2026

ലോഗോസ് ക്വിസ് അതിരൂപതാതല പരീക്ഷ **2026 സെപ്റ്റംബർ 27-ാം തീയതി ഞായറാഴ്ച** ഉച്ചകഴിഞ്ഞ് 2.00 മുതൽ 3.30 വരെയായിരിക്കും.

## പഠന ഭാഗങ്ങൾ

**റൂത്ത് 1 - 4 • സഭാപ്രസംഗകൻ 1 - 6 • 1 സാമൂവൽ 1 - 7**
**വി. യോഹന്നാൻ 1 - 12 • ഗലാത്തിയ 1 - 6**

## അഖില കേരള ബൈബിൾ കലോത്സവം 2026

ഫൊറോനാതല മത്സരങ്ങൾ : **സെപ്റ്റംബർ - ഒക്ടോബർ മാസങ്ങളിൽ** പൂർത്തിയാക്കുക.

രൂപതാതല മത്സരങ്ങൾ : **നവംബർ മാസത്തിൽ**

**ഫാ. റിജു ആന്റണി വെളിയിൽ**
**ഡയറക്ടർ**

# കോർപ്പറേറ്റ് എഡ്യുക്കേഷൻ ഏജൻസി

**പ്രൈമറി അദ്ധ്യാപിക തസ്തികയിലേയ്ക്കുള്ള സെലക്ഷൻ ലിസ്റ്റ് രൂപീകരിച്ചു**

കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള സ്കൂളുകളിൽ ഉണ്ടാകാനിടയുള്ള എൽപിഎസ്ടി തസ്തികകളിലേയ്ക്കുള്ള ടെസ്റ്റും ഇന്റർവ്യൂവും നടത്തി. ഏകദേശം 200-ാളം ഉദ്യോഗാർത്ഥികൾ ടെസ്റ്റിൽ പങ്കെടുത്തു. ഇതിൽ നിന്നും 92 പേർ ഇന്റർവ്യൂവിൽ പങ്കെടുത്തു. അടുത്ത മൂന്നു അദ്ധ്യയന വർഷങ്ങളിൽ ഈ സെലക്ഷൻ ലിസ്റ്റിൽ നിന്നായിരിക്കും നിയമനങ്ങൾ നടത്തുന്നത്.

**പ്രിൻസിപ്പാൾ, പ്രധാനാദ്ധ്യാപക തസ്തികയിലേയ്ക്കുള്ള നിയമനം**

ഹയർ സെക്കന്ററി പ്രിൻസിപ്പാൾ, ഹെഡ്മാസ്റ്റർ തസ്തികയിലേയ്ക്കുള്ള ടെസ്റ്റും ഇന്റർവ്യൂവും നടത്തി. 15-ഓളം അദ്ധ്യാപകർ പങ്കെടുത്തു. ഇവരിൽ ശ്രീമതി ജീബ പൗലോസ് - സെന്റ് മേരീസ് എച്ച്എസ് ആലുവ, സിസ്റ്റർ ലിസി സിപി -ഫാത്തിമ എൽപിഎസ് ആനപ്പാറ, ശ്രീമതി ലീമ തോമസ് - ആർ യുപിഎസ് മേലൂർ, ശ്രീമതി ജെസി പിജെ - എൽഎഫ് എൽപിഎസ് ഒളനാട് എന്നിവർ പ്രധാനാദ്ധ്യാപകരായി ചുമതല ഏറ്റെടുത്തു.

**പ്രധാനാദ്ധ്യാപക യോഗം**

അതിരൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള എല്ലാ വിദ്യാലയങ്ങളിലേയും പ്രധാനാദ്ധ്യാപകരുടെ മീറ്റിംഗ് കലൂർ റിന്യൂവൽ സെന്ററിൽ നടന്നു. കഴിഞ്ഞ അദ്ധ്യയന വർഷത്തെ വിലയിരുത്തുകയും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

**മെയിന്റനൻസ് ഗ്രാന്റ്**

അടുത്ത അദ്ധ്യയന വർഷത്തേയ്ക്കു അത്യാവശ്യമായി നടത്തേണ്ട മെയിന്റനൻസ് ജോലികൾ വിലയിരുത്തുകയും കോർപ്പറേറ്റ് ഏജൻസിയുടെ കീഴിലുള്ള വിദ്യാലയങ്ങളിലേയ്ക്കുള്ള 2026-2027 അദ്ധ്യയന വർഷത്തെ മെയിന്റനൻസ് ഗ്രാന്റിന്റെ വിതരണം ആരംഭിക്കുകയും ചെയ്തു.

**കോർ കമ്മിറ്റി മീറ്റിംഗ്**

2026 മെയ് 16-നു കോർ കമ്മിറ്റി മീറ്റിംഗ് നടക്കുന്നു.

**പ്രഥമാദ്ധ്യാപക യോഗം**

2026 മെയ് 18 നു പ്രധാനാദ്ധ്യാപകരുടെ യോഗം ചേരുന്നു. അടുത്ത വർഷത്തേയ്ക്കുള്ള പദ്ധതികൾ വിശകലനം ചെയ്യുന്നതാണ്.

**ഫാ. തോമസ് നങ്ങേലിമാലിൽ**
**കോർപ്പറേറ്റ് മാനേജർ**

# Naipunnya®

# Institute of Management and Information Technology Pongam, Koratty

എറണാകുളം-അങ്കമാലി അതിരൂപതയുടെ കീഴിൽ കൊരട്ടി പൊങ്ങത്ത് പ്രവർത്തിച്ചു വരുന്ന നൈപുണ്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി ദേശീയ തലത്തിൽ അംഗീകാരങ്ങൾ കരസ്ഥമാക്കിയ കലാലയമാണ്. കാലിക്കറ്റ് സർവകലാശാലയ്ക്ക് കീഴിൽ ബിരുദ, ബിരുദാനന്തര തലങ്ങളിൽ ബഹുമുഖ, ഗവേഷണ കേന്ദ്രീകൃത, വിദ്യാർത്ഥി കേന്ദ്രീകൃത കോഴ്സുകൾ ഈ സ്ഥാപനം വാഗ്ദാനം ചെയ്യുന്നു. ഒരു വിദ്യാഭ്യാസസ്ഥാപനത്തിനുവേണ്ട അത്യാധുനിക അടിസ്ഥാന സൗകര്യങ്ങളോടെ പ്രകൃതിരമണീയമായ ഒരു സ്ഥലത്ത് സ്ഥിതി ചെയ്യുന്ന NIMIT, നമ്മുടെ വിദ്യാർത്ഥികളുടെ പ്രൊഫഷണലിസം, അച്ചടക്കം, സമഗ്ര വികസനം എന്നിവ ലക്ഷ്യമിടുന്ന ദക്ഷിണേന്ത്യയിലെ ഇത്തരത്തിലുള്ള ഏറ്റവും മികച്ച സ്ഥാപനങ്ങളിൽ ഒന്നാണ്.

ആരംഭം മുതൽ തന്നെ, നൈപുണ്യയുടെ ലക്ഷ്യം, യുവാക്കളെ അവരുടെ കഴിവുകൾ പ്രയോജനപ്പെടുത്താനും, അവരുടെ സ്വപ്നങ്ങളും അഭിലാഷങ്ങളും നിറവേറ്റാനും പ്രേരിപ്പിക്കുന്ന തൊഴിൽ പരിശീലനത്തിന്റെയും ഗുണനിലവാരം ഉറപ്പാക്കുക എന്നതാണ്. 1998-ൽ എറണാകുളം-അങ്കമാലി അതിരൂപതയുടെ വടക്കൻ പ്രദേശത്തു ജീവിക്കുന്നവരുടെ ആവശ്യങ്ങൾ നിറവേറ്റുന്ന ഒരു തൊഴിൽ പരിശീലന കേന്ദ്രമായി ആരംഭിച്ചതാണ് ഈ സ്ഥാപനം. പിന്നീട് കാലിക്കറ്റ് സർവകലാശാലയ്ക്ക് കീഴിൽ ഒരു അഫിലിയേറ്റഡ് കോളേജായി 2002 ജൂൺ 3-ന് NIMIT ഔപചാരികമായി ഉദ്ഘാടനം ചെയ്യപ്പെട്ടു. ചുരുങ്ങിയ സമയത്തിനുള്ളിൽ, NIMIT വളരെ ശ്രദ്ധേയമായ ഒരു വിദ്യാഭ്യാസ സ്ഥാപനമായി ഉയർന്നുവരികയും, വേഗത്തിൽ മികവിന്റെ കേന്ദ്രം എന്ന പദവി നേടുകയും ചെയ്തു. NAAC A++ അംഗീകാരത്തോടൊപ്പം സ്വയംഭരണ പദവി (Autonomous) കൂടി ലഭിച്ച നൈപുണ്യ കോളേജ് അക്കാദമിക രംഗത്ത് നിരവധി നേട്ടങ്ങൾ ഇതിനോടകം കൈവരിച്ചു കഴിഞ്ഞു.

വിദ്യാർത്ഥികളുടെ സമഗ്രവികസനവും തൊഴിൽ സാധ്യതകളും ലക്ഷ്യമിടുന്ന ഉയർന്ന നിലവാരമുള്ള കോഴ്സുകളാണ് നാലുവർഷ ബിരുദപ്രോഗ്രാമുകളുടെ ഭാഗമായി നൈപുണ്യയിൽ ഒരുക്കിയിരിക്കുന്നത്. മികച്ച ഹോട്ടൽ മാനേജ്മെന്റ് കോളേജായി URF അംഗീകരിച്ച നൈപുണ്യയിലെ ഹോട്ടൽ

മാനേജ്മെന്റ് വിഭാഗം വർഷങ്ങളായി കാലിക്കറ്റ് യൂണിവേഴ്സിറ്റി റാങ്കുകൾ സ്വന്തമാക്കുന്നു. Bsc HMCS, Bsc HMCA, BHA തുടങ്ങിയ കോഴ്സുകളാണ് ഹോട്ടൽ മാനേജ്മെന്റ് വിഭാഗത്തിലുള്ളത്. കമ്പ്യൂട്ടർ സയൻസ് വിഭാഗത്തിൽ BCA, BSc Computer science, AI & Data Science, Cyber security തുടങ്ങിയ ഉയർന്ന ജോലിസാധ്യതകളുള്ള കോഴ്സുകളാണ് നൽകുന്നത്. BBA, BCOM Finance, BCom with Computer Application തുടങ്ങിയ കോഴ്സുകൾക്കൊപ്പം ഏവിയേഷൻ പോലുള്ള add on കോഴ്സുകളും കൊമേഴ്സ് വിഭാഗം നൽകുന്നുണ്ട്. BSW, Bsc Fashion designing തുടങ്ങിയ കോഴ്സുകളും ഇവിടെ പ്രവർത്തിച്ചുവരുന്നു. വിവിധ വിഭാഗങ്ങളിൽ പി. ജി. പഠനസൗകര്യവും നൈപുണ്യയിലുണ്ട്. MBA, MSW, M. Com, MSc Computer science, MA English കോഴ്സുകളുമാണ് പി. ജി. വിഭാഗത്തിൽ പ്രവർത്തിച്ചു വരുന്നത്. കായിക മേഖലയിൽ ഇതിനോടകം അനേകം പുരസ്കാരങ്ങൾ കൈവരിച്ച മികച്ച കായിക പരിശീലന വിഭാഗവും നൈപുണ്യയുടെ മുഖമുദ്രയാണ്. ഫ്രഞ്ച്, ജർമ്മൻ, ഇറ്റാലിയൻ തുടങ്ങിയ ഭാഷകൾ പഠിക്കാനുള്ള സൗകര്യവും നൈപുണ്യയിലുണ്ട്. കോളേജ് ബസ്, ഹോസ്റ്റൽ സൗകര്യങ്ങളും വിദ്യാർത്ഥികളുടെ സൗകര്യാർത്ഥം ഒരുക്കിയിട്ടുണ്ട്.

## PROGRAMMES OFFERED

**PG Department of Commerce**

- B. Com. Finance (Honours)
- B. Com. Computer Application (Honours)
- B. Com. Professional (Honours)
- BBA (Honours) (AICTE)
- M. Com.

**Department of Management Studies**

- Master of Business Administration (MBA) (AICTE)

**PG Department of Computer Science**

- B.Sc. Computer Science (Honours)
- B.Sc. Information Technology (Honours)
- Bachelor of Computer Application (Honours) (AICTE)
- M.Sc. Computer Science

**Department of Hotel Management**

- B.Sc. Hotel Management and Catering Science (Honours)
- B.Sc. Hotel Management and Culinary Arts (Honours)
- Bachelor of Hotel Administration (Honours)
- One year Diploma in Hotel & Catering Management

**Department of Fashion Designing**

- B.Sc. Costume and Fashion Designing (Honours)

**PG Department of Social Work**

- Bachelor of Social Works (Honours)
- Master of Social Works (MSW)

**PG Department of English**

- B.A. English Language and Literature (Honours)
- M.A. English Language and Literature

**ADD-ON PROGRAMMES**

- ACCA
- CMA (USA)
- International Diploma in Logistics and Business Management
- Aviation and Airport Management
- International Diploma in Hospital Administration
- Artificial Intelligence and Machine Learning
- Cyber Security and Ethical Hacking
- Business Analytics
- Civil Service Coaching
- Mixology
- Fruits and Vegetable Carving
- Flower Arrangement
- Food Safety from Govt. of India
- Counselling and Psychotherapy
- Hospital Administration and Health Care Management
- Digital Fashion Art & Visualization
- Microsoft Office Specialist Certification
- Business Analytics Certification
- Digital Marketing Certification
- Power Bl Certification
- Six Sigma Certification

**Fr. Paul (Paulachan) Kaithottungal**
**Executive Director**

# അതിരൂപതാ ഡയറി

**മാർച്ച് 2026**

31 എറണാകുളം സെന്റ് മേരീസ് കത്തീഡ്രൽ ബസിലിക്കയിൽ നടന്ന മൂറോൻ വെഞ്ചരിപ്പ് കർമ്മത്തിൽ മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ പിതാവ് മുഖ്യകാർമ്മികത്വം വഹിച്ചു. അഭിവന്ദ്യ ജോസഫ് പാംപ്ലാനി പിതാവും, തോമസ് ചക്യത്ത് പിതാവും സഹകാർമ്മിക രായിരുന്നു.

**ഏപ്രിൽ 2026**

1 കർദിനാൾ മാർ വർക്കി വിതയത്തിൽ പിതാവിന്റെ ചരമവാർഷികദിന ത്തോടനുബന്ധിച്ച് അഭിവന്ദ്യ റാഫേൽ തട്ടിൽ പിതാവ് എറണാകുളം സെന്റ് മേരീസ് കത്തീഡ്രൽ ബസിലിക്കയിലെ കബറിടത്തിലെത്തി പ്രാർത്ഥനാശുശ്രൂഷകൾക്ക് കാർമികത്വം വഹിച്ചു.

4 അഭിവന്ദ്യ അബ്രഹാം കാട്ടുമന പിതാവിന്റെ ചരമവാർഷികദിനത്തിൽ അഭിവന്ദ്യ റാഫേൽ തട്ടിൽ പിതാവ് എറണാകുളം സെന്റ് മേരീസ് കത്തീഡ്രൽ ബസിലിക്കയിലെ കബറിടത്തിലെത്തി പ്രാർത്ഥനാശുശ്രൂ ഷകൾക്ക് കാർമികത്വം വഹിച്ചു.


11 അഭിവന്ദ്യ റാഫേൽ തട്ടിൽ പിതാവ് കാഞ്ഞൂർ ഫൊറോനാ പള്ളി യിൽ, ബഹുമാനപ്പെട്ട പോൾ തേനായനച്ചന്റെ മൃതസംസ്കാര ശുശ്രൂഷയിൽ കാർമികത്വം വഹിച്ചു

15 അഭിവന്ദ്യ റാഫേൽ തട്ടിൽ പിതാവ് കൂനമ്മാവ് ബൈബിൾ കൺവെൻഷൻ ഉദ്ഘാടനം ചെയ്തു.

26 അഭിവന്ദ്യ റാഫേൽ തട്ടിൽ പിതാവ് കോക്കുന്ന് സെന്റ് ജോസഫ് പള്ളിയുടെ കൂദാശകർമ്മം നിർവഹിച്ചു.

28 അഭിവന്ദ്യ ജോസഫ് പാംപ്ലാനി പിതാവ് മരട് സെന്റ് ജാന്ന പള്ളിയുടെ കൂദാശാകർമ്മം നിർവഹിച്ചു.

* * * * *


പുതിയതായി നിർമ്മിച്ച മരടിലെ വി. ജാന്നായുടെ ദേവാലയം
കൂദാശ 2026 ഏപ്രിൽ 28





RNI No. 3421/57
Date of Publication: 01-05-2026
Registered: KL/EKM/748/2025-27
Annual Subscription ₹ 150
Per Copy ₹ 15

ERNAKULAM-ANGAMALY MAJOR ARCHEPARCHIAL BULLETIN

# ERNAKULAM MISSAM




*"Dignity of labour depends not on what you do, but how you do it"*

Edvin Osgood Grover

Printed and Published by Fr. Biju Varghese for and on behalf of ARCHBISHOP OF ERNAKULAM and Printed at Viani Printing, Viani Buildings No. XXXIX/1524, Lisie Hospital Road, Ernakulam District, Cochin, Kerala-682018 and Published at Major Archbishop's House, Broadway, Ernakulam, Kerala-682031.
Editor: Fr. Biju Varghese.

www.ernakulamarchdiocese.org